മനസ്സിൽ വിരിഞ്ഞ

# മന്ദാരം

ആകാശ് കൃഷ്ണ



DLC STORIES
ORIGINALS

# മനസ്സിൽ വിരിഞ്ഞ മന്ദാരം

**(ഒന്നാം പതിപ്പ്)**



**ആകാശ് കൃഷ്ണ**

# Manassil Virinja Mandharam

**Author:** Akash Krishna

**Language:** Malayalam

**Genre:** Drama, Romance, Nostalgic

**Edition:** Original E-Book

**Series:** DLC Originals

**Total Pages:** 62 (Include coverpage)

**First Release:** May 2024

Copyright © 2024 DLC Stories.

All right reserved

Visit our website for more: DLC Stories

Re-editing and re-publishing of this story were strictly prohibited All right reserved. No part of this E-book may be reproduced or used in any other manner without the permission of the copyright owner, except for the use of brief quotations in a book review.

To request permission, contact the publisher at

mail.dlcstories@gmail.com

**Disclaimer**

All characters, names and events mentioned in this story are entirely fictitious. Any similarity to actual events or persons, living or dead, is purely coincidental.

ഈ കഥയിൽ പരാമർശിച്ചിരിക്കുന്ന എല്ലാ കഥാപാത്രങ്ങളും പേരുകളും സംഭവങ്ങളും തികച്ചും സാങ്കൽപ്പികമാണ്. യഥാർത്ഥ സംഭവങ്ങളുമായോ ജീവിച്ചിരിക്കുന്നവരോ മരിച്ചവരുമായോ ഉള്ള ഏതൊരു സാമ്യവും തികച്ചും യാദൃശ്ചികമാണ്

—-----------

**Note For Readers:**

If your device supports 'eye protection mode', recommend using that to avoid eye strain while reading this e-book.

നിങ്ങൾ ഈ കഥ തിരഞ്ഞെടുത്തതിന് ആദ്യം തന്നെ ഒരുപാട് നന്ദി അറിയിക്കുന്നു. ഞാൻ ഒരു വലിയ എഴുത്തുകാരൻ ഒന്നുമല്ല, എഴുത്തിനെയും, മാതൃഭാഷയായ മലയാളഭാഷയെയും ഒരുപാട് സ്നേഹിക്കുന്ന നിങ്ങളെ പോലെയൊരു സാധാരണ മനുഷ്യനാണ് ഞാനും. അതിനാൽ കഥയിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ ദയവായി ക്ഷമിക്കണം. എന്റെ ഈ ചെറിയ കഥയിലൂടെ എന്നെകൊണ്ട് കഴിയും വിധം വായനക്കാരായ നിങ്ങളെ സംതൃപ്തപ്പെടുത്തുക എന്ന ഉദ്ദേശം മാത്രമേ എനിക്കുള്ളൂ. കുറച്ചു കഥകൾ മുൻപ് എഴുതിയിട്ടുണ്ടെങ്കിലും അതൊന്നും സൂക്ഷിച്ചുവെയ്ക്കാനോ, അല്ലെങ്കിൽ മറ്റുള്ളവരിലേക്ക് എത്തിക്കാനോ അന്ന് കഴിഞ്ഞില്ല, പക്ഷേ നമ്മൾ ഇന്ന് കാണുന്ന ഈ ലോകത്തിൽ ഇത്രയധികം മാറ്റങ്ങൾ സൃഷ്ടിച്ചെടുക്കാൻ നമ്മളെ സഹായിച്ച സാമൂഹിക മാധ്യമങ്ങൾ വഴി ഇന്ന് എനിക്കതിനു സാധിച്ചു എന്നത് നിസംശയം പറയാൻ സാധിക്കും. ഈ കഥ തികച്ചും എന്റെ സർഗാത്മകത കൊണ്ട് സൃഷ്ടിച്ചെടുത്ത ഒരു കഥയാണ് അല്ലാതെ യാതൊരു വിധത്തിലും ആരുടെയും വക്തിപരമായ കാര്യത്തിലോ അല്ലെങ്കിൽ ജീവിതമോ ആയി ഒരു ബന്ധവും ഈ കഥക്ക് ഇല്ല. ഈ കഥ ഒരുപാട് നാളായി എന്റെ മനസ്സിൽ ഉണ്ടായിരുന്ന ഒന്നാണ്, പക്ഷേ പഠനസംബന്ധമായും മറ്റുമുള്ള ജീവിതത്തിലെ ചില തിരക്കുകൾ കാരണം ഒരുപാട് നാളുകൾ എടുത്താണ് ഇത് എഴുതി, ഇങ്ങനെ ഒരു ഇ-ബുക്ക് ആക്കി തീർക്കാൻ എനിക്ക് സാധിച്ചത്.

എൺപത് അല്ലെങ്കിൽ തൊണ്ണൂറ് കാലഘട്ടങ്ങളിൽ ഒരു നാട്ടിൻപുറത്ത് നടന്നിരുന്ന ഒരു പ്രണയമാണ് കഥയുടെ മുഖ്യ പ്രമേയം. ഒരു പാലക്കാടൻ ഗ്രാമമാണ് കഥക്ക് പശ്ചാത്തലമായി നൽകിയിരിക്കുന്നത്. കേന്ദ്രകഥാപാത്രങ്ങളായ രണ്ടുപേരുടെ പ്രണയം പൂവണിയാനായി അവർ ജീവിതത്തിലൂടെ നടത്തുന്ന

പ്രയാണങ്ങളാണ് ഈ കഥ. കഥയിലെ ഓരോ വരികളും മനസ്സിൽ തട്ടി വായിക്കുക, അപ്പോൾ കഥയിലെ ഓരോ സന്ദർഭങ്ങളും താനെ നിങ്ങളുടെ മനസ്സിൽ തെളിഞ്ഞുവരുന്നത് നിങ്ങൾക്ക് അനുഭവിക്കാം. കൂടുതൽ പറഞ്ഞു ഞാൻ നിങ്ങളുടെ ത്രില്ല് കളയുന്നില്ല അത് വായിച്ചു തന്നെ അറിയാം. നിങ്ങളുടെ പ്രോത്സാഹനം എന്നും കൂടെയുണ്ടാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിങ്ങൾ ഏവരെയും ഞാൻ എന്റെ കഥയിലേക്ക് സ്നേഹപൂർവം ക്ഷണിച്ചുകൊള്ളുന്നു.

എന്ന് വിശ്വസ്തതയോടെ,
**ആകാശ് കൃഷ്ണ**

Akash Krishna

**ഒന്ന്**

ഒരു സുന്ദരമായ സായാഹ്നം. പുറത്ത് നല്ല മഴ. ഒരുപാട് നാളുകൾക്കു ശേഷമാണ് അനന്തൻ തന്റെ തറവാട്ടു വീട്ടിലേക്ക് എത്തുന്നത്. ഒരുപാട് മധുരമുള്ള ഓർമ്മകൾ അവന് സമ്മാനിച്ച അവന്റെ തറവാട്ടുവീട്. അവൻ പഠിച്ചതും വളർന്നതുമെല്ലാം ഇവിടെ നിന്നുകൊണ്ടാണ്, തറവാട്ടുവീട്ടിൽ. മുത്തശ്ശി നൽകിയ ചായയും കുടിച്ചു വരാന്തയിലെ തന്റെ മുത്തശ്ശന്റെ ആ പഴയ ചാരുകസേരയിൽ അവനങ്ങനെ മഴയും ആസ്വദിച്ചു ഇരുന്നു. ആ വീട്, പുറത്തു പെയ്യുന്ന ആ മഴ, പാലപ്പൂവിന്റെ ആ മത്തുപിടിപ്പിക്കുന്ന ഗന്ധം, റേഡിയോയിൽ കൂടി കേട്ടുകൊണ്ടിരിക്കുന്ന ആ പഴയ ഗാനങ്ങൾ, ഇവയെല്ലാം തന്നെ അവന്റെ മനസ്സിലേക്ക് ആ പഴയ ഓർമ്മകളെ കൂട്ടികൊണ്ടുവന്നു. അവൻ തന്റെ കണ്ണുകൾ മെല്ലെ അടച്ചു. അവൻ അവിടെ ചിലവഴിച്ച ആ സുവർണ്ണ കാലം ഒരിക്കൽ കൂടി പതിയെ, പതിയെ അവന്റെ മനസ്സിലേക്ക് ഓടിയെത്തി. ആ ഓർമ്മകളിൽകൂടി എങ്ങോട്ടെന്നില്ലാതെ ഒരു തേൻവണ്ടിനെ പോലെ അവൻ അങ്ങനെ പാറി നടന്നു...!

********

**രണ്ട്**

അവൻ ആറാം ക്ലാസ്സിൽ പഠിക്കുന്ന കാലം... അന്ന് അവൻ കൽക്കട്ടയിലാണ് താമസം.

ടൈംപീസ് അലാറം മുഴക്കി

അപ്പോൾ അവന്റെ അമ്മ,

"ഉണ്ണി എഴുന്നേൽക്കുന്നില്ലേ നീ. ഏഴ് മണിക്ക് അല്ലേ ട്രെയിൻ. നമുക്ക് പോവണ്ടേ."

"കുറച്ചു നേരം കൂടി കിടക്കട്ടെ അമ്മേ.."

"ഏയ് അത് പറ്റില്ല്യ, ഇപ്പം റെഡിയായാലേ ട്രെയിൻ എത്തുന്നതിനു മുൻപ് എങ്കിലും നമുക്ക് റെയിൽവേ സ്റ്റേഷനിൽ എത്താൻ പറ്റുള്ളൂ. വേഗാട്ടെ."

അവൻ എഴുന്നേറ്റു

ഇന്ന് അവന്റെ അമ്മ അവനെ തറവാട്ടു വീട്ടിലേക്ക് കൊണ്ടുവിടാൻ പോവുകയാണ്....

അവന്റെ അച്ഛൻ മഹേഷ്വർ ഇപ്പോൾ കാനഡയിൽ ആണ്, അവിടെ ഒരു ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ഇപ്പോൾ അമ്മ ശ്രീവിദ്യക്കും അതേ ഹോസ്പിറ്റൽ തന്നെ നേഴ്സ് ആയി ഒരു ജോലി ശരിയായിട്ടുണ്ട്. അവന്റെ അമ്മയും കൂടി അങ്ങോട്ടേക്ക് പോയാൽ ഇവിടെ അവനെ നോക്കാൻ ആരുമില്ലാത്തതുകാരണം, അവനെയുംകൂടിഅങ്ങോട്ടേക്ക് കൊണ്ടുപോകാനായിരുന്നു അവരുടെ തീരുമാനം, പക്ഷേ അവന് അതിൽ താത്പര്യം ഇല്ലായിരുന്നു എന്നത് സത്യം. അവിടേക്ക് പോകുന്നതിലും അവന് ഏറ്റവും കൂടുതൽ ഇഷ്ടം അവന്റെ പാലക്കാടുള്ള തറവാട്ടുവീട്ടിലേക്ക് പോകാനായിരുന്നു. അതുകൊണ്ടാണ് അവനെ ഇപ്പോൾ അങ്ങോട്ടേക്ക് അയക്കാൻ പോകുന്നത്.

അവന്റെ അച്ഛൻ മഹേഷ്വറിന്റെ, അമ്മായിയുടെ മകളാണ് ശ്രീവിദ്യ. മഹേഷ്വറിന് ആദ്യമേ കൽക്കട്ടയിൽ ആയിരുന്നു ജോലി, വിവാഹശേഷം ശ്രീവിദ്യയും മഹേഷ്വറിന്റെയൊപ്പം ഇവിടെ കൽക്കട്ടയിലേക്ക് പോകുന്നു. അവർ അവിടെ താമസം ആരംഭിച്ചിട്ട്

ഇപ്പോൾ ഏതാണ്ട് ഒരുപ്പാട് ആയെങ്കിലും, നാട്ടിൻപുറത്തെ ആ ശൈലിയും, ആചാരങ്ങളും ഒന്നും തന്നെ അവർ കൈവിട്ടിട്ടുണ്ടായിരുന്നില്ല. അവന്റെ അച്ഛന് ലേശം മാറ്റമുണ്ടായിട്ടുണ്ടെങ്കിലും, അമ്മ ഇപ്പോഴും ആ പഴയ പാലക്കാട്ടുകാരി നാട്ടിൻപുറത്തുകാരിയാണ്. അനന്തൻ ജനിക്കുന്നത് അവിടെ പാലക്കാട് വെച്ചാണ്. പക്ഷേ ഇവിടെ കൽക്കട്ടയിലാണ് അവൻ ഇതുവരെ പഠിച്ചതും വളർന്നതും. എങ്കിലും മനസ്സുകൊണ്ട് അപ്പോഴും അവൻ ആ പാലക്കാട്ടുകാരൻ നാട്ടിൻപുറത്തുകാരൻ തന്നെയായിരുന്നു. എന്തിന്, അവന്റെ ഭാഷയിൽ പോലും ഒരു നാട്ടിൻപുറത്തിന്റെ മയം ഉണ്ടായിരുന്നു. കാരണം ചെറുപ്പം മുതൽക്കേ അവൻ അമ്മ പഠിപ്പിച്ച ശീലങ്ങളും, അമ്മ പറഞ്ഞു തന്ന പഴങ്കഥകളും, എല്ലാം കേട്ടും പ്രവർത്തിച്ചുമാണ് അവൻ ഇത്രയും നാൾ അവിടെ വളർന്നത്.

ചെറുപ്പം മുതൽക്കേ അവന് ചിത്രം വരക്കുന്നതും, പാട്ടുപാടുന്നതുമൊക്കെ വലിയ പ്രിയമാണ്. നന്നായി പഠിക്കുകയും ചെയ്യും അതുകൊണ്ടൊക്കെ തന്നെ ടീച്ചർമാർക്കും, കൂട്ടുകാർക്കുമൊക്കെ അവൻ ഇവിടെ നിന്നും പോകുന്നതിൽ നല്ല വിഷമമുണ്ട്.

അങ്ങനെ അവൻ താൻ ഇതുവരെ വളർന്ന കൽക്കട്ട എന്ന മഹാനഗരത്തോട് യാത്ര പറഞ്ഞു പാലക്കാട്ടേക്ക് ട്രെയിൻ കയറി...

ഒരുപാട് നാളുകൾക്ക് ശേഷമാണ് അവൻ അങ്ങോട്ടേക്ക് പോകുന്നത് അതുകൊണ്ട് അവനും വലിയ സന്തോഷത്തിലാണ്....

**മൂന്ന്**

അങ്ങനെ അവർ രണ്ടുപേരും അവിടെ തറവാട്ടുവീട്ടിൽ എത്തി.

വിശാലമായ ഒരു മുറ്റം, തറവാടിനോട് കുറച്ചങ്ങോട്ട് മാറി ഒരു പശുത്തൊഴുത്തും ഒരു പത്തായപ്പുരയും, അതിനോടൊക്കെയും കുറച്ചുമാറി ദിവസവും വിളക്ക് കത്തിച്ചുവരുന്ന ഒരു ചെറിയ കുരിയാലയും ഉണ്ട്. അങ്ങനെ അതിന്റെയെല്ലാം നടുവിൽ തന്നെ ഒരു പ്രൗഢിയോടുകൂടി ആ വലിയ വീട് നിലനിന്നിരുന്നു. ഒരു പഴയ നാലുകെട്ട് വീട്.

അവിടെ തറവാട്ടുവീടിന്റെ മുറ്റത്ത് ഒരു ഭാഗത്ത് ധാരാളം നെല്ല് ഉണക്കാനായി ഇട്ടിട്ടുണ്ടായിരുന്നു കുറച്ചു സ്ത്രീകൾ ചേർന്ന് അതൊക്കെ മെതിച്ചുകൊണ്ടിരിക്കുന്നു. അവിടെ പറമ്പിൽ ധാരാളം തെങ്ങുകൾ നിരന്നു നിൽപ്പുണ്ട്. പത്തായപ്പുരയോട് കുറച്ചു മാറി ഒരു ഭാഗത്ത് അതിൽ നിന്നും ലഭിച്ചതാവാം, ഒരുപാട് തേങ്ങകൾ അടുക്കി ഇട്ടിരിക്കുന്നു. അവന്റെ മുത്തച്ഛൻ ഒരു കസവുമുണ്ടും ഉടുത്തു ഒരു നേര്യതും തലയിൽ ചുറ്റി അങ്ങനെ കാര്യസ്ഥൻ രാഘവപിള്ളയോടൊപ്പം അതിന്റെ കണക്ക് എടുത്തുകൊണ്ടിരിക്കുകയാണ്. അനന്തൻ അവിടെ എത്തിയപ്പോൾ ആദ്യം കണ്ട കാഴ്ച്ചകൾ ഇതൊക്കെയായിരുന്നു. ആ വലിയ വീട്ടിലെ പുറംപണിയൊക്കെ ചെയ്യാൻ അവന്റെ മുത്തശ്ശൻ ഒരുപാട് ആളുകളെ പ്രത്യേകം നിർത്തിയിട്ടുണ്ടായിരുന്നു. വലിയ പ്രമാണിയാണ് മുത്തശ്ശൻ, വടക്കേശ്ശേരി ഗോവിന്ദൻ നമ്പ്യാർ എന്ന് പറഞ്ഞാൽ ആ നാട് മുഴുവൻ അറിയും. പിന്നെ എടുത്ത് പറയേണ്ട ഒരു കാര്യം പത്തായപുരയുടെ വടക്കു ഭാഗത്തായി ഒരു വലിയ തേൻമാവുണ്ട് എല്ലാ കൊല്ലവും അതിൽ നിറയെ മാങ്ങയുണ്ടാകും. കൂടാതെ മാവിന്റെ ചില്ലയിൽ ഒരു വലിയ ഊഞ്ഞാലും. അവിടെ അടുത്തുള്ള കുട്ടികളൊക്കെ വന്ന് ഊഞ്ഞാലാടുന്നത് പതിവാണ്. അതിപ്പോ മാമ്പഴകാലമാണെങ്കിൽ പിന്നെ പറയേണ്ട, ഊഞ്ഞാലാടുമ്പോൾ ഓരോ മാങ്ങയും ദാ കിടക്കണു

താഴെ..!! അങ്ങനെ നാട്ടിൻപുറത്തെ ഒരു വലിയ പാരമ്പര്യമുള്ള തറവാടായിരുന്നു അവന്റേത് എന്ന് ചുരുക്കം.

ഓണക്കാലമാകുമ്പോഴേക്കും തറവാട്ടുവീട്ടിൽ വലിയ ആഘോഷമാണ്. ആ നാട്ടിലുള്ള ചെറിയ കുട്ടികൾ മുതൽ പ്രായമായവർ വരെ അവിടെ തറവാട്ടുവീട്ടിൽ ഒത്തുകൂടും. ഓണക്കളികളും, തീരുവാതിരകളിയുമൊക്കെയായിട്ട്.

തറവാട്ടുവീടിന്റെ അടുത്ത് തന്നെയൊരു ശ്രീകൃഷ്ണസ്വാമി ക്ഷേത്രമുണ്ട്. അവിടുത്തെ ഉത്സവത്തിനു മുൻകൈയെടുത്തിരുന്നത് അവന്റെ തറവാട്ടുകാരായിരുന്നു. ക്ഷേത്രത്തിൽ കൊടി കയറിയാൽ പിന്നെ തറവാട്ടിൽ എല്ലാവരും നല്ല തിരക്കാണ്. ഉത്സവത്തിനുള്ള തയാറെടുപ്പിലായിരിക്കും എല്ലാവരും.

അവിടെ തറവാട്ടുവീട്ടിൽ അവന്റെ മുത്തശ്ശൻ ഗോവിന്ദൻ നമ്പ്യാർ, മുത്തശ്ശി സരസ്വതിയമ്മ, പിന്നെ അവന്റെ വല്യമ്മ, വല്യച്ഛൻ, അവരുടെ മകൾ മീനാക്ഷി എന്നിവരായിരുന്നു താമസിച്ചിരുന്നത്. അനന്തനേക്കാളും നാല് വയസ്സിനു മുതിർന്നതായിരുന്നു മീനാക്ഷി.

അവന്റെ അമ്മ അവിടെ രണ്ട് ദിവസം താമസിച്ചു, ശേഷം കാനഡയിലേക് അവിടെനിന്നുമാണ് പോയത്. കൽക്കട്ടയിലെ അവരുടെ വീടും വസ്തുവും എല്ലാം ശ്രീവിദ്യ, അവരുടെ അവിടുത്തെ സഹായിയായിരുന്ന രാമകൃഷ്ണ നയനാരേ ഏല്പിച്ചിരുന്നു. ശേഷമാണ് ഇവിടെ തറവാട്ടിലേക്ക് എത്തുന്നത്. അമ്മ പോകുന്നതുകൊണ്ട് അവന് നല്ല വിഷമമുണ്ടായിരുന്നു കാരണം അവനിതുവരെ അമ്മയെ പിരിഞ്ഞു എവിടെയും നിന്നിട്ടുണ്ടായിരുന്നില്ല. പക്ഷെ തറവാട്ടുവീട്ടിലായിരുന്നു എന്ന ഒറ്റക്കാരണം കൊണ്ട് ആ വിഷമം ഒരു രണ്ടു ദിവസമേ നീണ്ടുനിന്നൊള്ളു.

വൈകാതെ അനന്തൻ അവിടെ അടുത്തന്നെയുള്ള ഒരു സ്കൂളിൽ ചേർന്നു. ആ പുതിയ അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ അവന് രണ്ടു മൂന്നു ദിവസം വേണ്ടിവന്നു എന്നത് ശെരിയാണ്, പക്ഷേ പിന്നീട് അവിടെ എല്ലാവരോടും അവൻ കൂട്ടുകൂടി. നന്നായി പഠിക്കുകയും ചെയ്യും, അത് കാരണം അധ്യാപകർക്കെല്ലാം അവനെ വലിയ കാര്യമാണ്.

തറവാട്ടു വീടിന്റെ അടുത്തുള്ള രണ്ടുപേരായിരുന്നു അവന്റെ ഉറ്റസുഹൃത്തുക്കൾ ദേവനും, ശ്രീലക്ഷ്മിയും. രണ്ടുപേരും അവന്റെയൊപ്പമാണ് പഠിക്കുന്നത്. വൈകിട്ട് സ്കൂൾ വിട്ടുകഴിഞ്ഞാൽ രണ്ടുപേരും അനന്തന്റെ തറവാട്ടിലാണ്. യഥാർത്ഥത്തിൽ അനന്തനേക്കാളും ആ തറവാട്ടുവീടിനെ കൂടുതൽ അറിയുന്നത് അവർക്ക് രണ്ടാൾക്കുമായിരുന്നു.

നെൽപ്പാടങ്ങളും ചെറിയ തോടുകളുമൊക്കെ കടന്നുവേണം അവർ പഠിക്കുന്ന സ്കൂളിക്ക് എത്തിച്ചേരാൻ. സ്കൂൾ കഴിഞ്ഞു തിരിച്ചു വരുമ്പോൾ അനന്തനും കൂട്ടുകാരും കൂടി വഴിയിലെ ആ ചെറിയ തോട്ടിലും നീർച്ചാലിലുമെല്ലാം ഇറങ്ങി മീൻ പിടിക്കുന്നതുമൊക്കെ പതിവാണ്.

**നാല്**

അങ്ങനെ പഠിച്ചും, കളിച്ചും, രസിച്ചുമൊക്കെ ഒരു വർഷം അങ്ങ് കടന്നുപോയി. വേനലവധി ഇങ്ങെത്തി. അവധിയാണെല്ലോ, അപ്പോൾ പിന്നെ ദേവനും ലക്ഷ്മിയും മുഴുവൻ നേരവും അവിടെയാണ് എന്നത് എടുത്തുപറയേണ്ടതുണ്ടോ, രണ്ടാളും അവന്റെ തറവാട്ടുവീട്ടിലാണ്. അവർ രണ്ടാളും ഇല്ലങ്കിൽ പിന്നെ തറവാട്ടിൽ ഒരനക്കവുമില്ല. അതുകൊണ്ടൊക്കെ തന്നെ തറവാട്ടിലുള്ളവർക്കെല്ലാം ദേവനെയും, ശ്രീലക്ഷ്മിയെയും അവിടുത്തെ കുട്ടികളെപോലെയാണ്.

അവധിയായപ്പോൾ മൂന്നുപേരുംകൂടി തറവാട്ടുവീടിന്റെ വടക്കുള്ള ധാരാളം ചില്ലകളുള്ള ആ ഇലഞ്ഞി മരത്തിൽ മുളയും മറ്റുമുപയോഗിച്ചു ഒരു ഏറുമാടം ഉണ്ടാക്കിയെടുത്തു. മൂന്നുപേർക്കും ഒരേസമയം ഇരിക്കുവാൻ പറ്റുന്ന അത്രയും വലിയ ഒരു ഏറുമാടം. കഥകൾ പറയാനോ, അല്ലെങ്കിൽ എന്തെങ്കിലും ചർച്ചകൾ ചെയ്യാനോ മറ്റുമായിട്ടാണ് മൂന്നുപേരും സാധാരണ അവിടെ കൂടുന്നത്. ചില സമയത്ത് പുറത്തുനിന്ന് വരുന്ന ആരെങ്കിലും നോക്കുമ്പോൾ അവർ എന്തോ ലോകകാര്യം ചർച്ചചെയ്യുകയാണ് എന്ന് തോന്നിപോകും. അവരെ കുറ്റം പറയാനും പറ്റില്ല കാരണം അതുപോലെ അല്ലേ മൂന്നുപേരും  ആ ഏറുമാടത്തിന്റെ മുകളിൽ ഇരുന്നുകൊണ്ട് സംസാരിക്കുക, ഒരു ജാടയോടുകൂട്ടി തന്നെ. സത്യത്തിൽ അവിടെ പരസ്പരം വീമ്പു പറച്ചിൽ ആയിരിക്കും നടക്കുന്നുണ്ടാകുന്നത്. പക്ഷേ പാവം പുറത്തുനിന്ന് നോക്കുന്നവർക്ക് അത് മനസ്സിലാവണ്ടേ....!!

അന്ന് വിഷുവായിരുന്നു, മുത്തശ്ശിയൊരുക്കിയ സമൃദ്ധി നിറഞ്ഞ വിഷുക്കണിയൊക്കെ കണ്ട ശേഷം, അതിരാവിലെ തന്നെ അനന്തൻ കുളിച്ചൊരുങ്ങി മുണ്ടൊക്കെയുടുത്ത്, ദേവനെയും, ശ്രീലക്ഷ്മിയെയുമൊക്കെ ഒപ്പംകൂട്ടി അടുത്തുള്ള ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലേക്ക് പോയി. അവിടെ ക്ഷേത്രത്തിൽ ഉത്സവം ഇങ്ങെത്താറായി. കൊടികയറി, രണ്ടുമൂന്നു ദിവസം കഴിഞ്ഞാൽ ഉത്സവം ഇങ്ങെത്തും. അങ്ങനെ ക്ഷേത്രത്തിൽ എത്തിയതിനു ശേഷം അവിടെയുള്ള ആ ആൽത്തറയിൽ മൂന്നുപേരും കുറച്ചു നേരമിരുന്നു കഥകളൊക്കെ പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് അനന്തൻ ആദ്യമായി അവളെ കണ്ടുമുട്ടുന്നത്. പട്ടുപാവാടയണിഞ്ഞ, മുടിയിൽ മുല്ലപ്പൂവും ചൂടി കഴുത്തിൽ ഒരു ചെറിയ മാലയും നെറ്റിയിൽ ഒരു ചന്ദനക്കുറിയുമണിഞ്ഞ നല്ല നീളൻ മുടിയുമുള്ള ഒരു സുന്ദരി പെൺകുട്ടി അവിടെ പുറത്തുള്ള കൽവിളക്കിൽ ദീപം തെളിയിക്കുന്നു. അവളുടെ താമരമൊട്ടു പോലെയുള്ള ആ കണ്ണുകൾ,

പനിനീർ പൂവ്പോലെയുള്ള ചുണ്ട്, അപ്സരസുകൾ പോലും ആസൂയപെടുന്ന രീതിയിലുള്ള ആ സൗന്ദര്യം. കൂടാതെ അവളുടെ ആ ഐശ്വര്യം നിറഞ്ഞ മുഖം ദീപങ്ങളുടെ ആ വെളിച്ചത്തിൽ ഒന്നുംകൂടി ശോഭിച്ചിരുന്നു. ഒറ്റ നോട്ടത്തിൽ തന്നെ ആ പെൺകുട്ടി അനന്തന്റെ മനസ്സിനെ കവർന്നെടുത്തു. ഒരു നിമിഷത്തേക്ക് അവന്റെ ഹൃദയം പോലും മിടിക്കാൻ മറന്നുപോയി...

അന്ന് ആദ്യമായി പ്രണയം അവന്റെ മനസ്സിനെ കീഴ്പ്പെടുത്തി.

“അനന്തു ഡാ... അനന്തു...”

ഏതോ ഒരു ലോകത്തു നിൽക്കുന്ന അവനെ ശ്രീലക്ഷ്മി വിളിച്ചുണർത്തി.

“ഡാ, നിനക്കിത് എന്തുപറ്റി ?”
ദേവൻ ചോദിച്ചു.

“എനിക്കറിയില്ലടാ, ദേ അവൾ..... എന്തു സുന്ദരിയാ ആ കുട്ടി ല്ലേ്യ.”

ഒരു കള്ള ചിരിയോടുകൂടി അവൻ അത് പറഞ്ഞപ്പോൾ അത് കേട്ടുനിന്ന ശ്രീലക്ഷ്മി അവനോട്  "ഡാ ഡാ.... എനിക്ക് മനസ്സിലായിട്ടോ നിന്റെ പ്രശ്നം എന്താണെന്ന്.... എന്തേ അവൾ നിന്റെ മനസ്സിൽ കയറിപ്പറ്റിയോ എഹ് ?"

“അങ്ങനെ ചോദിച്ചാൽ. അതിപ്പോ.. വേണമെങ്കിൽ അങ്ങനെയും പറയാം.”

“ഹമ്, എല്ലാം ശരിയാക്കാവെന്നേ.. എന്തായാലും നീ ഇപ്പം വാ, വേഗം പ്രാർത്ഥിച്ചിട്ട് പോകാം.”

“അതെങ്ങനെയാടി.. അവളെ ഇനിയും എവിടുന്ന് അന്വേഷിക്കാനാ ?” അതുകേട്ട ഉടൻ തന്നെ ദേവൻ അവളോട് ചോദിച്ചു.

“അത് ശെരിയാ.. എടീ നീ ഒന്ന് ചെന്ന് ആ കുട്ടിയുടെ പേരെന്താണെന്ന് ഒന്ന് അന്വേഷിച്ചിട്ട് വാ..”

“ഞാനോ... ഏയ് അതൊന്നും ശെരിയാവില്ല.”

“എടി ചെല്ല്. അവൻ നമ്മളുടെ ആത്മാർത്ഥ സുഹൃത്ത് അല്ലേ... ചെന്നിട്ട് വാ.”

ഒടുവിൽ രണ്ടുപേരുടെയും നിർബന്ധപ്രകാരം ശ്രീലക്ഷ്മി അങ്ങോട്ടേക്ക് ചെന്നു. എന്നിട്ട് അവളോടൊപ്പം ചേർന്ന് ആ വിളക്ക് തെളിയിച്ചു.

“കുട്ടി ഇവിടെ പുതിയതാണോ, ഇവിടെങ്ങും കണ്ടിട്ടില്ല.”

അവൾ ശ്രീലക്ഷ്മിയെ ഒന്ന് നോക്കി, എന്നിട്ട് ചിരിച്ചുകൊണ്ട് പറഞ്ഞു. “അതെ”

“ഉവ്വോ, അപ്പൊ എനിക്ക് തെറ്റിയിട്ടില്ല. കുട്ടീടെ പേരെന്താ?”

“നന്ദിനി” വീണ്ടും ഒരു ചെറുപുഞ്ചിരിയോടുകൂടി അവൾ പറഞ്ഞു.

“നല്ല പേരാണെല്ലോ, കുട്ടി ഇവിടെ ആദ്യാട്ടാ?”

“അതെ, വെക്കേഷന് വല്യമ്മേടെ അടുത്ത വന്നതാ. ചേച്ചിടെ പേരെന്താ”

“എന്റെ പേര് ശ്രീലക്ഷ്മി, അല്ല ചേച്ചിയോ.. എന്നെ കണ്ടാൽ ചേച്ചിയാണെന്ന് തോന്നുമോ? ഞാൻ ഇനിയും ഏഴിലാ പടിക്കണേ.”

“അയ്യോ അതല്ല, എനിക്കറിയില്ലല്ലോ ഇയാള് എന്നേക്കാൾ മുത്തതാണോ അല്ലയോ എന്ന്, ഞാൻ അങ്ങനെ അങ്ങ് ശീലിച്ചുപോയി അതാ... അല്ല അപ്പൊ നമ്മൾ ഒരേ പ്രായക്കാരാണെല്ലോ.”

“ഏയ് സാരല്യ, ഞാൻ ഒരു തമാശക്ക് പറഞ്ഞതല്ല... അത് കാര്യാക്കിയോ? അപ്പൊ നമ്മൾ ഒരേ പ്രായക്കാരാണ്, കൊള്ളാല്ലോ.”

അങ്ങനെ ശ്രീലക്ഷ്മി അവളെ കൂടുതൽ പരിചയപെട്ടു, നന്ദിനി തിരിച്ചു അവളെയും. അതിന് ശേഷം അവൾ പോയി കഴിഞ്ഞ് ശ്രീലക്ഷ്മി അനന്തന്റെ അടുത്തേക്ക് ഓടി.

“എടാ, ആ കുട്ടിയുടെ പേര് നന്ദിനി. ആലപ്പുഴക്കാരിയാട്ടോ അവൾ. അവധി ചിലവഴിക്കാൻ അവളുടെ വല്യമ്മയുടെ വീട്ടിൽ എത്തിയതാ, അവളുടെ സംസാരവും ചിരിയുമൊക്കെ എന്ത് രസാ..!”

അതുകേട്ട അവൻ “പക്ഷേ ഈ വേനലവധി കഴിഞ്ഞാൽ അവൾ തിരിച്ചു പോവില്ല്യേ... ശോ എനിക്കവളോട് ഒന്ന് സംസാരിക്കാൻ പോലും പറ്റണില്ലലോ കൃഷ്ണാ..!”

ശ്രീലക്ഷ്മി: “അതിപ്പോ എന്തായാലും അവൾ പോവില്ലേ... എടാ പക്ഷേ അവൾ എന്നും ഈ ക്ഷേത്രത്തിൽ വരുമെടാ... നമുക്ക് നാളെയും ഇവിടെ വരാം”

“ഉവ്വോ... ങ്കി തീർച്ചയായും വരണം”

“നീ നാളെ എന്തായാലും അവളോട് സംസാരിക്കണം. നിന്റെ സംസാരത്തിൽ വേണം അവൾ വീഴാൻ. ഏന്തേ ശരിയല്ലേ..!” അത് കേട്ട് ഒന്ന് ഉഷാറായ അവനോട് ശ്രീലക്ഷ്മി പറഞ്ഞു.

ആ പറഞ്ഞത് കേട്ട് അവനെ ഒന്ന് കളിയാക്കിയ മട്ടിൽ ദേവൻ “അത് പിന്നെ പറയേണ്ടല്ലോ. സംസാരിച്ചു ആളുകളെ പോക്കറ്റിലാക്കാൻ ഇവനെ കഴിഞ്ഞിട്ട് അല്ലെ മറ്റാരും.”

“ഉവ്വ്... നീ അങ്ങനെന്നെ കളിയാക്കണ്ടാട്ടോ... ഞാൻ ചെറുപ്പം മുതൽ ഇങ്ങനെന്നയാ. സംസാരിക്കണ്ടവരോടൊക്കെ സംസാരിക്കണം, ന്റെ അച്ഛനുമമ്മയുമൊക്കെ എന്നെ അങ്ങനെയാ വളർത്തിയത്... ഹയ്യട”

**അഞ്ച്**

അങ്ങനെ പിറ്റേദിവസവും അവർ അവിടെ ക്ഷേത്രത്തിൽ എത്തി.

പതിവുപോലെ അവളും അവിടെ എത്തിയിട്ടുണ്ടായിരുന്നു.

ദേവൻ: “എടാ,  നീ അങ്ങോട്ട് ചെല്ല്.”

“ഇപ്പഴേ പോണോടാ”

“നീ ചെല്ലണില്ലേ... ങ്കി വാ നമുക്ക് വീട്ടിലേക്ക് പോവാം..!”

"വേണ്ട വേണ്ട ഞാൻ പോവാം."

അനന്തൻ അവിടെ നിന്ന് ഒന്ന് പ്രാർത്ഥിച്ചു.

“എന്റെ കൃഷ്ണാ ഞാൻ എങ്ങനെ ചെന്ന് അവളോട് മിണ്ടും... നിക്ക് അവളെ ഒരുപാട് ഇഷ്ടായി. നീ എന്റെ കൂടെതന്നെ ഉണ്ടാവണേ കൃഷ്ണാ..”

അവൻ നടയിലേക്ക് സമർപ്പിക്കാൻ ശ്രീലക്ഷ്മിയുടെ കയ്യിൽ നിന്നും പൂക്കുട്ടയും വാങ്ങി ക്ഷേത്രത്തിനുള്ളിലേക്ക് നടന്നു.

ക്ഷേത്രത്തിനുള്ളിലേക്ക് എത്തിയ അവൻ  നന്ദിനിയുടെ അടുത്ത് തന്നെ നിന്നാണ് പ്രാർത്ഥിച്ചത്. ശേഷം നന്ദിനി അവളുടെ കയ്യിലുള്ള പൂക്കുട്ട അവിടെ നടയിൽ വെയ്ക്കാനായി മുന്നോട്ട് നീങ്ങി. അവൾ അങ്ങോട്ടേക്ക് പോകുന്നത് കണ്ട് അവനും തന്റെ പൂക്കുട്ടയുമായി അവളോടൊപ്പം ശ്രീകോവിലിനടുത്തേക്ക് നീങ്ങി. അവിടെ ഒരു വലിയ വിളക്ക് ഉണ്ടായിരുന്നു, അതിൽ ഇടിക്കാതെയിരിക്കാൻ അവൻ കുറച്ചു ഒതുങ്ങിയതും നന്ദിനി ആ സമയം അവളുടെ കയ്യിലുണ്ടായിരുന്ന പൂക്കുട്ട അവിടെ വയ്ച്ചിട്ടു തിരിയുകയും ചെയ്തത് ഒരുമിച്ചായിരുന്നു. അങ്ങനെ അവളുടെ കൈ തട്ടി അവന്റെ കയ്യിലുണ്ടായിരുന്ന പൂക്കുട്ടയിൽ നിന്നും പൂക്കളെല്ലാം താഴേക്ക് വീണു.

അവൾ ഒന്ന് ഞെട്ടി  “ന്റെ കൃഷ്ണാ.... അയ്യോ, ഞാൻ അറിയാതെ ചെയ്തതാട്ടോ ക്ഷമിക്കണേ, താൻ വരണത് ഞാൻ കണ്ടില്ലാരുന്നു...”

അവൻ അവളുടെ കണ്ണുകളിലേക്ക് നോക്കി.

അങ്ങനെ അവൾ ആദ്യമായി അവനോട് ഇങ്ങോട്ട് സംസാരിച്ചു. അവൾ സംസാരിച്ചപ്പോൾ അനന്തന്റെ ഉള്ളിൽ എന്തോ ഒരു മഞ്ഞു പെയ്യുന്ന പോലെ അനുഭവപ്പെട്ടു. ആ മഞ്ഞിൽ അവന്റെ ഹൃദയം ഒന്നുംകൂടി മരവിച്ചുപോയി. എന്ത് ചെയ്യണം, അല്ലെങ്കിൽ എന്ത് പറയണം എന്നൊന്നും അറിയാതെ അവൻ അവിടെ അവളെ തന്നെ നോക്കി നിന്നു, പക്ഷേ പ്രണയമെന്ന അവന്റെയുള്ളിലെ അണയാത്ത അഗ്നി

ആ തണുത്ത് മരവിച്ചിരുന്ന ഹൃദയത്തിനു ചൂട് പകർന്ന് അവളോട് സംസാരിക്കാനുള്ള ധൈര്യം അവന് വീണ്ടുകൊടുത്തു. താഴെ വീണകിടന്ന പൂക്കളെല്ലാം എടുത്ത് മാറ്റിയ ശേഷം അവൾ അവനോട് പറഞ്ഞു

“സാരല്ല്യ കുട്ടി, അറിയാതെ ചെയ്തതല്ലേ..”

“പക്ഷേ”

“സാരല്ല്യ അത് കാര്യാക്കണ്ട.. കുട്ടി പ്രാർത്ഥിച്ചോളു..”

പക്ഷേ അവൾക്ക് അത് നല്ല വിഷമം ആയി

പ്രാർത്ഥന എല്ലാം കഴിഞ്ഞു നന്ദിനി പുറത്തേക്ക് പോയി. പൂക്കൾ താഴെ വീണാലെന്താ അവളോടൊന്ന് മിണ്ടാൻ പറ്റിയല്ലോ എന്നോർത്തു അവന്റെ മനസ്സിൽ ഒരു പിഞ്ചിരി തൂകി. ക്ഷേത്രത്തിനുള്ളിലായത് കാരണം അവനു കൂടുതൽ ഒന്നും അവളോട് സംസാരിക്കാൻ സാധിച്ചില്ല
കുറച്ചു കഴിഞ്ഞു അവനും പ്രാർത്ഥനയൊക്കെ കഴിഞ്ഞു പുറത്തേക്ക് വന്നു. അവിടെ അവനെ കാത്ത് നന്ദിനിയും നിൽപ്പുണ്ടായിരുന്നു.

അവൾ ഓടി അവന്റെ അടുത്തേക്ക് എത്തി, എന്നിട്ട് അവൾ അവനോട് ചോദിച്ചു  “ഹേയ്, എന്തേ തനിക്ക് എന്നോട് ദേഷ്യാ”

“എനിക്കോ... അയ്യോ, അങ്ങനെയൊന്നും ഇല്ലാട്ടോ, എന്റെ ഭാഗത്തും തെറ്റുണ്ട്. ആ വിളക്ക് അവിടെ ഉള്ളതുകൊണ്ട് ഞാൻ അതിൽ തട്ടാതെയിരിക്കാൻ ഇങ്ങോട്ട് മാറി നടന്നതാ, പക്ഷേ...”

“താൻ നാളെ വരോ ഇവിടെ, എങ്കിൽ തനിക്കുള്ള പൂക്കളും കൂടി നാളെ ഞാൻ വരുമ്പോൾ കൊണ്ടോരാം..”

“ഏയ് എന്തിന്, അതൊന്നും സാരല്ല്യ കുട്ടി.”

“അതെന്താ നിക്ക് ബുദ്ധിമുട്ടാവൊന്ന് കരുതിയിട്ടാണോ...എങ്കിൽ എനിക്കൊരു ബുദ്ധിമുട്ടും ല്ല്യാ.”

“ഓ, ങ്കി ആയിക്കോട്ടെ, എല്ലാം തന്റെ ഇഷ്ടം പോലെ...”

“ങ്കി ശെരി, പോട്ടെ. യ്യോ പേര് ചോദിക്കാൻ മറന്നു എന്താ തന്റെ പേര്.”

"അനന്തൻ. എല്ലാരും അനന്തു എന്ന് വിളിക്കും"

“ഓ എങ്കിൽ ഞാനും അങ്ങനെ തന്നെ വിളിക്കാം.. എന്റെ പേര് നന്ദിനി.” ഒരു ചിരിയോടുകൂടി അവൾ പറഞ്ഞു. അവൾ ചിരിച്ചപ്പോൾ അവളുടെ നുണക്കുഴി ഒന്നുംകൂടി നന്നായി വക്തമായി.

“അഹ് എനിക്കറിയാം.” അവളുടെ ആ ചിരിയിൽ മയങ്ങി നിന്ന അവൻ, ഒന്നും ആലോചിക്കാതെ ചാടി കയറി പറഞ്ഞു.

“അതെങ്ങനെ?”

അപ്പോഴാണ് അമളി പറ്റിയ കാര്യം അവന് പെട്ടന്ന് മനസ്സിലായത്, പക്ഷേ അവൻ പെട്ടന്ന് തന്നെ അത് തിരുത്തി.

“ഓ അത് ഞാൻ, കുട്ടി അവിടെ ക്ഷേത്രത്തിനുള്ളിൽ വഴിപാട് കഴിക്കണത് കണ്ടു, അപ്പോൾ കേട്ടതാ..”

അത് കേട്ട അവൾ "ഓ അത് താൻ ശ്രദ്ധിച്ചു ല്ലേ... എന്തായാലും താൻ ആള് കൊള്ളാം, ങ്കി ശെരി പോട്ടെ, വല്യമ്മ അന്വേഷിക്കും."

"ഓ ആയിക്കോട്ടെ.."

അങ്ങനെ അവൻ വിചാരിച്ചിരുന്നതിനുമപ്പുറം, അല്ലെങ്കിൽ അതിന്റെ ഇരട്ടിയായിരുന്നില്ലേ അവിടെ നടന്ന കാര്യങ്ങൾ. അങ്ങനെ ആദ്യമായി അവന്റെ മനസ്സിൽ പ്രണയത്തിന്റെ ആ മന്ദാരപൂവ് വിരിഞ്ഞു

ഒരു പക്ഷേ അവന്റെ പ്രാർത്ഥന കേട്ടിട്ട് ശ്രീകൃഷ്ണ ഭഗവാനായിരിക്കും, അങ്ങനെ ഒരു സന്ദർഭം അവന് അവിടെ ഒരുക്കി കൊടുത്തത്. അങ്ങനെയും ചിന്തിക്കാം.

അവന്റെ വിശ്വാസപ്രകാരം അവന്റെ കൂടെ അപ്പോഴുണ്ടായിരുന്ന കണ്ണന് അവൻ നന്ദി പറഞ്ഞുകൊണ്ട്, ഭഗവാന് ചാർത്താൻ ഒരു തുളസി മാലയും വാങ്ങി നൽകിയശേഷം, അവൻ തിരികെ പുറത്തേക്ക് വന്നു.

പുറത്തേക്കിറങ്ങിയ അവൻ അവന്റെ ചെങ്ങാതിമാരെ നോക്കി. അവർ അവിടെ ആൽത്തറയിൽ ഇതെല്ലാം കണ്ടുകൊണ്ടുതന്നെ ഇരിപ്പുണ്ടായിരുന്നു. അനന്തു അവരുടെ അടുത്തേക്ക് ചെന്നു.

അവനെ കണ്ടതും ശ്രീലക്ഷ്മി "അനന്തു, ഡാ ഞങ്ങൾ ഇവിടെ തന്നെ നിൽപുണ്ടായിരുന്നു ട്ടോ.. ശെരിക്കും എന്താടാ സംഭവിച്ചത്.. അവൾ നിന്നെയും കാത്ത് നിൽക്കുവായിരുന്നെന്ന് തോന്നുന്നു, ഇത്രയും നേരം. ആയിരുന്നോ ?"

"ഉവ്വ്, എടി ശെരിക്കും ഞാൻ വിചാരിച്ചതിലും എളുപ്പം ആയി കാര്യങ്ങൾ"

അവൻ അവിടെ നടന്ന സംഭവങ്ങൾ എല്ലാം അവരോട് പറഞ്ഞു.

അത് കേട്ട ദേവൻ “കൊള്ളാം എന്തായാലും, ഞാൻ പറഞ്ഞില്ലേ. ആളുകളെ സംസാരിച്ചു പോക്കറ്റിലാക്കാൻ ഇവനെ കഴിഞ്ഞിട്ടേയുള്ളു മറ്റാരുമെന്ന്”

ഈ തവണ ശ്രീലക്ഷി അവനെ കളിയാക്കികൊണ്ട് പറഞ്ഞു “ഉവ് ഉവ്... നടക്കട്ടെ”

അവർ തിരികെ വീട്ടിലേക്ക് എത്തി. അന്നത്തെ ആ ദിവസം അവന് ശെരിക്കും ഉറങ്ങാനേ സാധിച്ചില്ല. കണ്ണടച്ചാൽ അവൾ അവന്റെ മുൻപിൽ വന്ന് ചിരിക്കുവാണ്. “എന്ത് ഭംഗിയാ അവളുടെ ആ ചിരി, ന്റെ കൃഷ്ണാ...” എങ്ങനെയൊക്കെയോ അവൻ നേരം വെളുപ്പിച്ചു.

പിറ്റേന്ന് രാവിലെ തന്നെ മൂവർസംഘം ക്ഷേത്രത്തിൽ എത്തി. നന്ദിനി പറഞ്ഞതുപോലെ തന്നെ ഒരു പൂക്കുട നിറയെ പൂക്കളുമായി വന്നു.

ശ്രീലക്ഷ്മി: “ഡാ... അവൾ വരുന്നുണ്ട്ട്ടോ നീ അങ്ങട്ട് ചെല്ല്.”

അവൾ അവരുടെ അടുത്തെത്തി.

നന്ദിനി ശ്രീലക്ഷ്മിയോട് ചോദിച്ചു, “ആഹാ നിങ്ങൾ സുഹൃത്തുക്കളാണോ”

“ഉവ്വ്, എന്റെ ആത്മാർത്ഥ സുഹൃത്തുക്കളാ ഇവർ രണ്ടും....”

നന്ദിനി അനന്തന്റെ കയ്യിൽ പൂക്കുട്ട കൊടുത്തിട്ട് ചോദിച്ചു “ഇപ്പം സന്തോഷായാ തനിക്ക്?”

“അയ്യോ, കുട്ടി എന്തിനാ വെറുതെ ഇതൊക്ക കൊണ്ടുവന്നെ.”

"ഹേയ് അതൊന്നും സാരല്ല്യ."

അങ്ങനെ അനന്തൻ അവളോട് കൂടുതൽ അടുത്തു. അവളോട് കൂടുതൽ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. ഇപ്പോൾ അവൾ ഏതാണ്ട് അവന്റെ സംസാരത്തിൽ വീണമട്ടാണ്. പക്ഷേ ഈ അവധി കഴിഞ്ഞാൽ അവൾ തിരികെ അവളുടെ നാടായ ആലപ്പുഴയിലേക്ക് പോകും.

അങ്ങനെ ദിവസവും ക്ഷേത്രത്തിൽ വരുമ്പോൾ അവളുമായി സംസാരിക്കുന്നത് ഒരു പതിവായി.

**ആറ്**

ഒരു ദിവസം അവൻ ഒറ്റക്ക് ക്ഷേത്രത്തിലേക്ക് പോയി. കുറച്ചു നേരം അവൻ ആ ആൽത്തറയിൽ ഇരുന്നു. അവൾ അന്ന് ക്ഷേത്രത്തിൽ വന്നിട്ടുണ്ടായിരുന്നില്ല. ഒരു പക്ഷേ അവൾ തിരികെ അവളുടെ നാട്ടിലേക്ക് പോയിട്ടുണ്ടാകാം. അത്രയും നാൾ അവന്റെയുള്ളിൽ ഉണ്ടായിരുന്ന സന്തോഷം ഒരു നിമിഷം കൊണ്ട് ഇല്ലാതായി. അവൻ തിരികെ തറവാട്ടിലേക്ക് വന്നു അവന്റെ മുറിയിൽ കയറി വാതിലടച്ചു അത്രയും നേരം അവൻ പരമാവധി പിടിച്ചുവച്ചിരുന്ന സങ്കടങ്ങളെല്ലാം അവന്റെ മനസ്സിൽ നിന്നും പുറത്തേക്ക് വന്നു. അവൻ വിങ്ങിപൊട്ടി..

എന്നെങ്കിലും ഒരു ദിവസം അവൾ തിരികെ പോകുമെന്ന് അവന് അറിയാമായിരുന്നു എന്നിട്ടും അവൻ അവളെ വളരെയധികം സ്നേഹിച്ചു. ഒരുപാട് പെൺകുട്ടികളെ അവൻ കണ്ടിട്ടുണ്ട്, പക്ഷേ അവരിൽ ഒരാളുപോലും ഇന്നേവരെ അവന്റെ മനസ്സിനെ കവർന്നെടുത്തിട്ടുണ്ടായിരുന്നില്ല. 'എന്തുകൊണ്ടായിരിക്കാം അവൾ?' അവൻ ചിന്തിച്ചു. അവളെ ഇനിയും കാണാൻ സാധിക്കുമോ എന്ന് ഒന്നുംതന്നെ അവനറിയില്ല. കുറച്ചു കാലം കൊണ്ട് ഒരുപാട്

സന്തോഷങ്ങളും ഓർമ്മകളും അവന് സമ്മാനിച്ചിട്ടാണ് അവൾ തിരികെ പോയത്. ആ സന്തോഷങ്ങളും ഓർമ്മകളുമാണ് ഇപ്പോൾ അവന്റെ മനസ്സിനെ വേദനിപ്പിക്കുന്നതും. താനും അവളും ഒരിക്കലും കണ്ടുമുട്ടാൻ പാടില്ലായിരുന്നു എന്ന് അവൻ ഒരു നിമിഷം ചിന്തിച്ചുപോയി. അവളെ മറക്കാൻ അവൻ അവന്റെ പരമാവധി ശ്രമിക്കുന്നുണ്ടായിരുന്നു പക്ഷേ അങ്ങനെയൊന്നും അവളെ പെട്ടന്ന് മറക്കാൻ അവന് സാധിക്കില്ല എന്ന സത്യം അവൻ മനസ്സിലാക്കി.

അങ്ങനെ ഒരുപാട് നാളുകൾ കടന്നുപോയി, അവൻ പതിയെ പതിയെ പഴയ അനന്ദനായി. പക്ഷേ എങ്കിലും ഇടക്ക് അവളെ ഓർമ്മവരുമ്പോൾ അവൻ ഒറ്റക്ക് ആ ആൽത്തറയിൽ ചെന്നിരിക്കും.

ഇപ്പോൾ അവൻ ഹൈസ്കൂൾ വിദ്യാർത്ഥിയാണ്..
അവന്റെ രണ്ട് ചെങ്ങാതിമാരും ഇപ്പോൾ അവന്റെയൊപ്പമാണ് പഠിക്കുന്നത്.

അവന്റെ മുത്തശ്ശൻ അവന് ഒരു സൈക്കിൾ വാങ്ങികൊടുത്തു. ദേവന് നേരത്തെ തന്നെ ഒരു സൈക്കിൾ ഉണ്ടായിരുന്നു. ഇപ്പോൾ സൈക്കിളിലാണ് മൂന്നുപേരുടെയും കറക്കം. ദേവനോ അനന്തനോ ശ്രീലക്ഷ്മിയേ സൈക്കിളിന്റെ പുറകിൽ ഇരുത്തും അങ്ങനെയാണ് ഇപ്പോൾ അവർ സ്കൂളിലേക്ക് പോകുന്നത്.

## ഏഴ്

വീണ്ടും സമൃധിയുടെയും ഐശ്വര്യത്തിന്റെയും ഒരു ഓണക്കാലംകൂടി വന്നെത്തി. അത്തം മുതൽ പത്തു ദിവസം വരെ അത്തപ്പൂക്കളം

ഒരുക്കുന്ന ഒരു പതിവുണ്ടായിരുന്നു തറവാട്ടുവീട്ടിൽ. അനന്തനും കൂട്ടുകാരുമാണ് അതിന് നേതൃത്വം വഹിച്ചിരുന്നതും. എന്നും തൊടിയിൽ നിന്നും പറമ്പിൽനിന്നുമൊക്കെ പൂക്കുട്ട നിറയെ പൂക്കൾ ശേഖരിച്ചുകൊണ്ടുവന്ന്, അതുപയോഗിച്ചാണ് അവർ പൂക്കളം ഒരുക്കിയിരുന്നത്.

ഇത്തവണ ഓണം കൂടാൻ അവന്റെ അമ്മയും അച്ഛനും തറവാട്ടുവീട്ടിൽ എത്തിയിട്ടുണ്ടായിരുന്നു. നാളുകൾക്ക് ശേഷമാണ് അവർ ഓണം ആഘോഷിക്കാൻ തറവാട്ടിലേക്ക് എത്തുന്നതും. കൂടാതെ ഇത്തവണ ഓണം ആഘോഷിക്കാൻ കാനഡയിൽ തന്നെ അവരോടൊപ്പം ജോലിചെയ്യുന്ന അവരുടെ ഒരു സുഹൃത്തും കുടുംബവും കൂടി വരുന്നുണ്ടായിരുന്നു തറവാട്ടുവീട്ടിലേക്ക്.

വൈകാതെ ഉത്രാടദിനമെത്തി, രാവിലെ തന്നെ കുളിച്ചൊരുങ്ങി നാലുപേരുംകൂടി ക്ഷേത്രത്തിലൊക്കെ പോയിട്ട് തിരികെ വീട്ടിലേക്ക് എത്തി. ഉച്ചക്ക് നല്ല വിഭവ സമൃദ്ധമായ സദ്യയും കഴിഞ്ഞ് ആദർശ് അങ്ങനെ വരാന്തയിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണ് ആ ചുവന്ന കാർ തറവാട്ടുവീടിന്റെ മുറ്റത്തേക്ക് വന്ന് നിന്നത്. അവന്റെ അച്ഛന്റെ സുഹൃത്തും കുടുംബവും ആയിരുന്നു അത്. കാറിൽ അവർ നാലുപേരുണ്ടായിരുന്നു
മേഹേഷ്വറിന്റെ സുഹൃത്ത് കൃഷ്ണകുമാറും, ഭാര്യ രേവതിയും അവരുടെ രണ്ടു മക്കളും.

കാറിൽ നിന്നും അവർ നാലുപേരും ഇറങ്ങി. അതിൽ അവസാനം ഇറങ്ങിയ പെൺകുട്ടിയെ കണ്ട അവൻ ഞെട്ടി, അതേ 'നന്ദിനി'. അവളെ കണ്ടതും, അവന്റെ ഹൃദയം വേഗത്തിൽ മിടിക്കാൻ തുടങ്ങി. അവന്റെ ചുറ്റുമുള്ള ലോകവും സമയവും ഒരുനിമിഷം നിശ്ചലമാകുന്നത് പോലെ അവന് അനുഭവപ്പെട്ടു. അവളെ വീണ്ടും കണ്ടുമുട്ടുവെന്ന് അവൻ ഒരിക്കലും വിചാരിച്ചിരുന്നതല്ല. അവനെ

പോലെ തന്നെയായിരുന്നു നന്ദിനിയും, പെട്ടന്ന് അവനെ കണ്ടപ്പോൾ അവളും ഞെട്ടിപ്പോയി.

“നന്ദു, നീ....”

“ഇത് തന്റെ തറവാടായിരുന്നോ?..”

ഇത് കേട്ട അവളുടെ ചേച്ചി, “നിങ്ങൾ നേരത്തെ തന്നെ അറിയോ?”

“പിന്നെ അറിയോന്നോ.. ഉവ്വ്”

നന്ദിനി അങ്ങനെ അവനെ പരിചയപ്പെട്ട കാര്യങ്ങളൊക്കെ പറഞ്ഞു.

ഇതൊക്കെ കേട്ട അവളുടെ അമ്മ,
“ആഹാ, അപ്പൊ നന്ദുമോൾക്ക് ഇനിം ഇവിടെ നിൽക്കുമ്പോള് ഒരു കൂട്ടായല്ലോ”

“ഇവിടെ നിൽക്കാനോ?”
അത്ഭുതത്തോടെ അനന്തൻ ചോദിച്ചു

“അതെ അവൾ ചിലപ്പോൾ അടുത്ത കൊല്ലം മുതൽ ഇവിടെ വല്യമ്മേടെ അടുത്ത് നിന്നായിരിക്കും പഠിക്കണത്. ഞാൻ അങ്ങ് കാനഡയിലേക്ക് പോവാ. ഇവിടെ അവളുടെ വല്ല്യമ്മക്ക് മക്കളൊന്നും ഇല്ല്യാലോ. അപ്പോൾ അവൾ ഇനിയും ഇവിടെയാ നിൽക്കണത്. ദേവൂന് അവിടെ കാനഡയിൽ തന്നെ ബാക്കി കോഴ്സ് കംപ്ലീറ്റ് ചെയ്യണം എന്നാ..”

ഇതുകേട്ട അവന്റെ മനസ്സിൽ ഇതുവരെ വാടിയപ്പോയ സ്വപ്നങ്ങളും പ്രതീക്ഷകളുമെല്ലാം ഒരിക്കൽക്കൂടി പൂവണിഞ്ഞു. ആദ്യമായി തോന്നിയ പ്രണയം അങ്ങനെയൊന്നും നഷ്ടപെടുകയില്ല എന്നത്

അവന് ബോധ്യമായി. എവിടെനിന്നോ വന്ന ഒരു പെൺകുട്ടി, ഇന്നേവരെ ഒരു പെൺകുട്ടിക്കും കീഴടക്കാൻ കഴിയാത്ത അവന്റെ മനസ്സ് കീഴടക്കിയവൾ, അവനിൽനിന്നും അകന്നുപോയിട്ടും ഒടുവിൽ അവന്റെയടുത്ത് എത്തിച്ചേർന്നവൾ. ശെരിക്കും അവർ തമ്മിൽ എന്തോ മുൻജന്മ ബന്ധം അല്ലെങ്കിൽ അവരെ തമ്മിൽ അടുപ്പിക്കുന്ന എന്തോ ഒരു തരം ശക്തി എന്നതുപോലെ അന്ന് അവൾ തിരികെ വന്ന ആ ദിവസം അവന് തോന്നി. പക്ഷേ പ്രണയം, ഇപ്പോൾ അത് അവന്റെ മനസ്സിൽ മാത്രമാണുള്ളത് എന്നത് സത്യം....

അവർക്ക് താമസിക്കാനായി, തറവാട്ടുവീടിന്റെ കിഴക്കുള്ള മുറി നേരത്തെ തന്നെ ശെരിപ്പെടുത്തിയിട്ടുണ്ടായിരുന്നു. അനന്തന്റെ അമ്മയുടെ മുറിയായിരുന്നു അത്. പിന്നീട് അനന്തൻ വന്നശേഷം അവന്റെ മുറിയായി അത്. ആ മുറിയിൽ അവന്റെ അമ്മയുടെ പഴയ സാധനങ്ങൾ അപ്പോഴും കേടുകൂടാതെ തന്നെ
സൂക്ഷിച്ചിട്ടുണ്ടായിരുന്നു. അവിടെ എത്തി ഒരു കുളിയൊക്കെ കഴിഞ്ഞ ശേഷം നന്ദിനി ആ മുറിയിലേക്ക് വന്നു.
അവിടെ മേശയുടെ പുറത്തു ഒരു സ്വരസ്വതി വീണയും, ഒപ്പം ചുവരില്ലായി വിയലിനും തൂക്കി ഇട്ടിരിക്കുന്നത് അവൾ കണ്ടു. കൂടാതെ അനന്തന്റെ അമ്മ കച്ചേരിയിൽ പങ്കെടുക്കുന്നതും ഇളയരാജ, എം. എസ് സുബലക്ഷ്മി, കെ. ജെ യേശുദാസ്, എസ്. പി. ബാലസുബ്രഹ്മണ്യം തുടങ്ങിയ സംഗീത പ്രതിഭകളുടെ കൂടെ നിൽക്കുന്ന ഒരുപാട് ഫോട്ടോകളുമൊക്കെ ആ ചുവരിലുണ്ടായിരുന്നു. ആ ചിത്രങ്ങളൊക്കെ കണ്ട് അത്ഭുതപ്പെട്ട് അങ്ങനെ അവൾ നിൽക്കുമ്പോഴായിരുന്നു, അനന്തൻ അങ്ങോട്ടേക്ക് വന്നത്

“വിദ്യാമ്മ ഇത്ര വല്യ ആളാണെന്ന് എനിക്ക് അറിയില്ലായിരുന്നു ട്ടോ.. ചെറുപ്പം മുതലേ പഠിച്ചിരുന്നോ സംഗീതം?”

“പിന്നേ, അമ്മക്ക് സംഗീതം ന്ന് വെച്ചാൽ ജീവനാ.  അഞ്ച് വയസുള്ളപ്പോൾ മുതൽ പഠിച്ചുതുടങ്ങിയതാ അമ്മ സംഗീതം”

“നേരോ, അപ്പൊ ഈ ഉപകരണങ്ങളൊക്കെ അമ്മേടേതായിരിക്കും ല്ലേ്യ...?”

“അതെ”

“ഇതൊന്നും ആരും ഇവിടെ എടുക്കാറില്ല എന്ന് തോന്നുന്നു, ഒക്കെ പഴയതായല്ലോ” അവിടെ മേശയുടെ പുറത്തിരുന്ന വീണയിലേക്ക് നോക്കി അവൾ പറഞ്ഞു.

“ഉവ്വ്, അമ്മ കൽക്കട്ടയിലേക്ക് പോയേപ്പിന്നെ ആരും ഇതൊന്നും തൊടാറില്ല.”

അവൻ അങ്ങനെ പറഞ്ഞു നിർത്തിയതും അവൾ ആ വീണയൊന്നു മീട്ടി.

അത് കേട്ട അവൻ ഒന്ന് ആശ്ചര്യത്തോടുകൂടി അവളോട് ചോദിച്ചു “നിനക്ക് അതൊക്കെ വശമുണ്ടോ?”

“ഏയ്, അങ്ങനെയൊന്നും ഇല്ല, ലേശം അറിയാം.” പഴയതുപോലെ അവൾ നുണക്കുഴി കാട്ടി ഒന്ന് ചിരിച്ചു.

അന്ന് വൈകിട്ട് ഗംഭീരമായ ഒരു കച്ചേരി തന്നെ തറവാട്ടിലുണ്ടായിരുന്നു, വർഷങ്ങൾക്ക് ശേഷം മുത്തശ്ശൻ തന്റെ തബലയൊക്കെ പൊടി തട്ടിയെടുത്തു, അനന്തന്റെ അമ്മ വയലിനും, നന്ദിനി ആ വീണയും മീട്ടി. മുത്തശ്ശി അവരുടെ പുറകിൽ ഇരുന്നുകൊണ്ട് തംബുരുവിൽ ശ്രുതി ഇട്ടുകൊണ്ടിരുന്നു. പിന്നീട് അങ്ങോട്ട് മത്സരം പോലെയായിരുന്നു എന്ന് വേണം പറയാൻ. ഒരാൾ വയലിനിൽ തകർത്തപ്പോൾ മറ്റെയാൾ വീണകൊണ്ട് കസർത്തി. അഭേരിയിൽ ‘നഗുമോമു ഗനലേനിയും’ കൂടാതെ ധനശ്രീ ‘തില്ലാനയും’

അവൾ ഒറ്റക്ക് ആ വീണയിൽ മീട്ടിയപ്പോൾ എല്ലാവരും ഒന്ന് ഞെട്ടി. അവസാനം ആ സംഗീത സദസ്സ് എല്ലാം കഴിഞ്ഞപ്പോൾ എല്ലാവരും അവളെ പ്രശംസിച്ചു, ഒപ്പം അനന്തനും.

“ലേശം അറിയുള്ളു എന്ന് പറഞ്ഞിട്ട് ഇത് കേമായിരുന്നെല്ലോ. എന്നോട് നുണ പറഞ്ഞു ല്ലേ…”

“ഏയ്, ഞാൻ ഉള്ളത് തന്നെയാ പറഞ്ഞേ… എനിക്ക് കാര്യായിട്ട് ഒന്നും അറിയൂല, ഞാൻ ഒന്ന് ശ്രമിച്ചു നോക്കീന്നേ ഉള്ളു. തന്റെ അമ്മയുടെ മുൻപിൽ ഞാൻ ഒന്നും അല്ല, എന്താ സംഗീത ശുദ്ധി. ശെരിക്കും ഞാൻ ഞെട്ടിപോയിരിന്നൂട്ടോ.”

അവൻ കൂടുതൽ ഒന്നും പറഞ്ഞില്ല. അതിന് മറുപടി എന്ന രീതിയിൽ അവൻ അവളെ നോക്കി ഒന്ന് പുഞ്ചിരിച്ചു

അന്നത്തെ പോലെത്തന്നെ അനന്തനും, നന്ദിനിയും ചെങ്ങാതിമാരുമൊക്കെക്കൂടി പിറ്റേന്ന് തിരുവോണവും വളരെ ഗംഭീരമായി ആഘോഷിച്ചു. അവൾ തറവാട്ടുവീട്ടിൽ ഉണ്ടായിരുന്ന ആ ദിവസങ്ങൾ അവന് ഒരിക്കലും മറക്കാൻ സാധിക്കില്ലായിരുന്നു. നഷ്ടപ്പെട്ടുവെന്ന് കരുതിയ പ്രണയം അങ്ങനെ വീണ്ടും പൂവണിഞ്ഞ ആ ദിവസങ്ങൾ അവന് എങ്ങനെ മറക്കാൻ സാധിക്കും, ഒരിക്കലുമില്ല.

വേനലവധി കഴിഞ്ഞു അവൾ തിരികെ പോയപ്പോൾ അവന് വേണമെങ്കിൽ അവളെ പൂർണമായും മറക്കാമായിരുന്നു. പക്ഷേ അവന്റെ പ്രണയം സത്യമായിരുന്നു, അതുകൊണ്ട് എന്നെങ്കിലും അവൾ തിരികെ വരുമെന്ന ഒരു പ്രതീക്ഷ അവന്റെ മനസ്സിൽ എവിടെയോ ഉണ്ടായിരുന്നു. അത് തെറ്റിയില്ല, അവൾ തിരികെ വരുകയും ചെയ്തു..

അവൾ അല്ലാതെ ഒരിക്കലും മറ്റൊരു നന്ദിനിക്കും ഇനിയും അവന്റെ മനസ്സിനെ കീഴ്പെടുത്താനാകില്ല എന്നത് പൂർണമായും അവന് നിശ്ചയമായിരുന്നു. ഒരുപക്ഷേ അവന് അവളോടുള്ള സ്നേഹത്തിന്റെ മുൻപിൽ ദൈവം പോലും തോറ്റുപോയിരുന്നിരിക്കാം. തീർച്ചയായും അവർ ഒന്നാകേണ്ടവർ തന്നേയാണ് എന്ന് അദ്ദേഹത്തിന് തോന്നിയിട്ടുണ്ടാകാം. അതാവണം ഇങ്ങനെ ഒരു വാതിൽ അവന്റെ മുൻപിൽ തുറക്കപ്പെടാനുള്ള കാരണം. അങ്ങനെ വിശ്വസിക്കാം തിരുവോണമൊക്കെ ആഘോഷിച്ചശേഷം പിറ്റേന്ന് അവിട്ടത്തിന്, നന്ദിനിയുടെ വലിയമ്മ ജയശ്രീയുടെ വീട്ടിലായിരുന്നു അവർക്ക് വിരുന്ന്. അവിടുന്ന് പിന്നീട് പിറ്റേന്ന് തന്നെ അവൾ തിരികയും പോയി.

## എട്ട്

ഒരുപാട് പ്രതീക്ഷകൾക്കൊപ്പം, അവളോടൊപ്പമുള്ള ഒരുപാട് ഓർമ്മകൾക്കൊപ്പം അനന്തൻ അവളുടെ അടുത്ത വരവിനായി കാത്തിരുന്നു.
അവന്റെ പ്രണയത്തിനുമുൻപിൽ കാലം പോലും തോറ്റുപോയിരുന്നിരിക്കാം, ദിവസങ്ങൾ പെട്ടന്ന് തന്നെ കടന്നുപോയിക്കൊണ്ടിരുന്നു.

വൈകാതെ വീണ്ടും പുതിയ ഒരു അദ്ധ്യായന വർഷംകൂടി ആരംഭിച്ചു. അവളുടെ അമ്മ പറഞ്ഞതുപോലെ തന്നെ അങ്ങനെ അവളും തിരികെ എത്തി. അനന്തനും കൂട്ടുകാരും പഠിക്കുന്ന അതേ സ്കൂളിൽ അവളും ചേർന്നു, അതേ ക്ലാസ്സിൽ അവരോടൊപ്പമിരുന്നു അവളും പഠിച്ചു. ആ പുതിയ അന്തരീക്ഷവുമായി പൊരുത്തപ്പെടാനും, പുതിയ സ്കൂളിലെ പുതിയ കുട്ടികളോട് കൂട്ടുകൂടാനും മുൻപ് അനന്തന് വേണ്ടിവന്നതുപോലെ അവൾക്ക് കുറച്ചുനാൾ വേണ്ടി വന്നു. പക്ഷേ എങ്കിലും ആ മൂന്നുപേരോടുമായിരുന്നു അവൾ കൂടുതലും

കൂട്ടുകൂടിയിരുന്നത്. അങ്ങനെ ഇപ്പോൾ അനന്തനും, ദേവനും ശ്രീലക്ഷ്മിയുമടങ്ങുന്ന സംഘത്തിൽ പുതിയ ഒരാളും കൂടിയായി. മറ്റു രണ്ടുപേരെയും പോലെ തന്നെ അവൾക്കും അനന്തനെ വലിയ കാര്യമാണ്.

നാളുകൾ പിന്നെയും മുന്നോട്ടുതന്നെ ചുവടുവെച്ചുകൊണ്ടേയിരിക്കുമ്പോഴും, അനന്തന് തന്നോടുള്ള പ്രണയം മാത്രം അവൾക്ക് മനസ്സിലായതേ ഇല്ല. അനന്തന് അവന്റെ പ്രണയം അവളോട് തുറന്നു പറയണം എന്നുണ്ട്. പക്ഷേ, എന്തുകൊണ്ടോ അവന് അത് സാധിക്കുന്നില്ല. അവൾ ആ വിവരം അറിഞ്ഞാൽ അവൾ എങ്ങനെ അതിനോട് പ്രതികരിക്കുമെന്നോ അല്ലെങ്കിൽ ഒരുപക്ഷേ അവർ തമ്മിലുള്ള സൗഹൃദം അതുകാരണം നഷ്ടപ്പെടുമോ എന്നുള്ള ഭയമായിരിക്കും അവനെ കൊണ്ട് അതിന് സാധിക്കാത്തതിനുള്ള പ്രധാനം കാരണം. പക്ഷേ ഈ പ്രപഞ്ചത്തെ സാക്ഷിയാക്കി അവൻ തന്റെ പ്രണയം അവളോട് തുറന്നു പറയും എന്നുള്ളത് ഉറപ്പാണ്.

നാളുകൾ കഴിയുംതോറും അവരുടെ ബന്ധം കൂടുതൽ ദൃഢമാവുകയാണ് ചെയ്യുന്നത്. മറ്റുരണ്ടുപേരെയും പോലെ അവളും ഇപ്പോൾ അവന്റെ തറവാട്ടിലാണ്. മുത്തശ്ശി ഉണ്ടാക്കുന്ന മാമ്പഴപുളിശ്ശേരി അവൾക്ക് ഏറ്റവും പ്രിയപ്പെട്ട ഒന്നാണ്. അവരിപ്പോൾ കുറച്ചു മുതിർന്ന കുട്ടികളാണെങ്കിലും തറവാട്ടുവീടിന്റെ വടക്കുള്ള ആ തേന്മാവിന്റെ ചുവട്ടിലിരുന്ന് മണ്ണപ്പം ചുട്ടു കളിക്കുന്നതുമൊക്കെ സാധാരണ കാഴ്ചയാണ്.

തറവാട്ടുവീട്ടിൽനിന്നും കുറച്ചു അകലെയാണ് അവളുടെ വലിയമ്മയുടെ വീട്. പക്ഷേ കിഴക്കേപറമ്പിലുള്ള വയലിന്റെ വരമ്പത്തുകൂടി അവൾക്ക് തറവാട്ടിലേക്ക് പോകാം. എങ്കിലും ലേശം ദൂരമുണ്ട്. നേരം വൈകിയാൽ മൂന്നുപേരുംകൂടി നന്ദിനിയെ അങ്ങോട്ടേക്ക് കൊണ്ടുവിടും, അല്ലെങ്കിൽ അനന്തൻ തന്നെ.

അനന്തനെ നന്ദിനിയുടെ വലിയമ്മക്കും വലിയ കാര്യമാണ്. അവളുടെ വല്യമ്മയ്ക്ക് കുട്ടികളൊന്നും ഇല്ലാത്തതിനാൽ, വല്യമ്മ അവളിൽ നല്ല ശ്രദ്ധ ചെലുത്തിയിരുന്നു. പക്ഷേ നന്ദിനി അവന്റെയൊപ്പം ആണെങ്കിൽ വല്യമ്മക്ക് അത് ആശ്വാസമാണ്. തന്റെ ഒരു മകനെ പോലെതന്നെ വല്യമ്മ അവനെയും സ്നേഹിച്ചിരുന്നു.

**ഒൻപത്**

ഒരു ദിവസം അനന്തൻ ടൗണിൽ പോയി തിരികെ വരുമ്പോഴാണ് വാകമരത്തിന്റെ ചുവട്ടിലുള്ള ആ സിമെന്റ് ബെഞ്ചിൽ പതിവില്ലാതെ നന്ദിനി ഇരിക്കുന്നത് അവൻ കണ്ടത്. അരികിലായി ഒരു സഞ്ചിയുമുണ്ട്. അവൾ തന്റെ വലതുകാൽമുട്ടിലേക്ക്, തുണിയോ മറ്റോ കൊണ്ട് അമർത്തിപിടിപ്പിക്കുന്നത് അപ്പോഴാണ് അവൻ ശ്രദ്ധിച്ചത്. അവൾക്ക് കാര്യമായി എന്തോ അപകടം പറ്റിയിട്ടുണ്ട്. അവൻ അവളുടെ അടുത്തേക്ക്  സൈക്കിൾ കൊണ്ട് നിർത്തി. അവൻ നോക്കിയപ്പോൾ അവളുടെ പാവാടയിൽ ചോരയോടൊപ്പം തന്നെ ചെളിയും പറ്റിയിട്ടുണ്ടായിരുന്നു.

“ഇതെന്ത് പറ്റി നന്ദു നിനക്ക്?”

അപ്പോഴാണ് അവൾ അവനെ കണ്ടത്.

“അനന്ദു..! വല്യമ്മ എന്റെ ഒരു പാവാട തയ്യക്കാനായി ദേ രാധിക ചേച്ചിടെ കയ്യിൽ കൊടുത്തിട്ടുണ്ടായിരുന്നു....  അത് വാങ്ങീട്ട് വരണവഴിയാ, സമയം ഒരുപാട് ആയോണ്ട് ഓടിവരുകായായിരുന്നു ദാ ആ കല്ലിൽ തട്ടി വീണു”

“അയ്യോ നല്ല വേദന ഉണ്ടോ, നന്നായി ചോരവരുണുണ്ടല്ലോ? ദേ പാവാടയിലും എല്ലാം ചോരയായിട്ടുണ്ട്.”

“വേദന ഉണ്ടോന്നോ... ഉവ്വ്, പക്ഷേ സാരല്ല്യ കൊറച്ചൂടെ അല്ലേ ഉള്ളു. അങ്ങട്ട് നടക്കാം”

“ഏയ് അതൊന്നും വേണ്ട നന്ദു വാസൈക്കിളിൽ കയറ്... തറവാട്ടിലെത്തിയിട്ട് മരുന്ന് വെച്ച് തരാം. നന്നായി മുറിഞ്ഞിട്ടുണ്ട്”

“ഏയ് അതൊന്നും സാരല്ല്യടാ”

“ഒന്നും പറയണ്ട, നീ സൈക്കിളിൽ കയറ്”

അവൻ അവളെ സൈക്കിളിന്റെ പിന്നിലിരുത്തി തറവാട്ടിവീട്ടിലേക്ക് കൊണ്ടുപോയി. അവിടെയെത്തി അവൻ തൊടിയിൽ നിന്ന മുറികൂട്ടിയുടെ ഇല പിച്ചിയെടുത്ത്, അതിന്റെ നീര് അവളുടെ മുറിവിൽ വെച്ചുകൊടുത്തു. ആ ഇലയുടെ നീര് മുറിവിൽ വീണപ്പോൾ നീറ്റൽ കാരണം അവളുടെ കണ്ണിൽ നിന്നും അറിയാതെ വെള്ളം വന്നുപോയി.

അന്ന് അവിടെ മീനാക്ഷിയും, കാര്യസ്ഥൻ രാഘവൻപിള്ളയും മാത്രമേ ഉണ്ടായിരുന്നുള്ളു. എല്ലാവരും മുത്തശ്ശിയുടെ നെല്ലിശ്ശേരിയിലുള്ള ഒരു അകന്ന ബന്ധുവിന്റെ കല്യാണവീട്ടിലേക്ക് പോയതാണ്.

അവൾക്ക് പരുക്ക് പറ്റിയത്, അവളെക്കാൾ അവന്റെ മനസ്സിനെയാണ് വേദനിപ്പിച്ചത്. അന്ന് ആ ദിവസം അവന് അവളോട് തന്റെ പ്രണയം തുറന്നു പറയണം എന്നുണ്ടായിരുന്നു. അതിന് പറ്റിയ സന്ദർഭവുമായിരുന്നു അത്. പക്ഷേ എന്തുകൊണ്ടോ അവന്റെ മനസ്സ് അവനെ അതിന് അനുവദിച്ചില്ല.

അവളെ നോക്കി അവളുടെ തലയിൽ ചെറുതായി ഒന്ന് തലോടികൊണ്ട് അവൻ പറഞ്ഞു. "സാരല്ല്യാട്ടോ, മുറിവ് പെട്ടന്ന് കരിഞ്ഞോളും. ഇവിടെ ആർക്കെങ്കിലും മുറിവ് പറ്റിയാൽ മുത്തശ്ശി ഈ ഇലയാ മുറിവിൽ വെച്ചുകെട്ടാറ്"

അവളുടെ പാവാട മുഴുവൻ ചെളിയും ചോരയുമൊക്കെ പറ്റിയതിനാൽ അനന്തൻ അവൾക്ക് മീനാക്ഷിയുടെ ഒരു പഴയ പാവാട കൊണ്ടുക്കൊടുത്തു. അവൾ ആദ്യം അത് വാങ്ങാൻ കൂട്ടാക്കിയില്ല, ഒടുവിൽ അവന്റെ നിർബന്ധത്തിൽ വഴങ്ങി അവൾക്ക് അത് ധരിക്കേണ്ടിവന്നു..

"നിനക്ക് ബുദ്ധിമുട്ടായി, ഇല്ലേ?" പാവാടയും ധരിച്ചു മുറിയിൽ നിന്നും നിറഞ്ഞ കണ്ണുകളുമായി തിരികെ വന്ന അവൾ അവനോട് ചോദിച്ചു

"ഏയ് എന്ത് ബുദ്ധിമുട്ട്, ഒന്നുല്ല്യാ. വാ നിന്നെ ഞാൻ വീട്ടില് കൊണ്ടുവിടാം, നേരം വൈകിയില്ലേ വല്യമ്മ അന്വേഷിക്കും"

അവന്റ ആ സ്വഭാവവും, സംസാരവും എല്ലാം നന്ദിനിക്ക് കൂടുതൽ ഇഷ്ടമായി. അന്ന് ആ നിമിഷം മുതൽ അവളുടെ മനസ്സിൽ എന്തോ അവനോട് ഒരു വല്ലാത്ത അടുപ്പം തോന്നി. കൈ കഴുകാനായി പോയ അവനെ കുറച്ചു നേരം അവനറിയാതെ അവളെങ്ങനെ നോക്കിനിന്നു. പിന്നീട് അനന്തൻ അവളെ സൈക്കിളിൽ വീട്ടിൽ കൊണ്ടുവിട്ടു. അവളെ വീട്ടിലാക്കി തിരികെ വന്നപ്പോൾ മീനാക്ഷി അവനെയും കാത്ത് പുറത്ത് വരാന്തയിൽ തന്നെ ഇരിപ്പുണ്ടായിരുന്നു. അവൻ വന്നതും അവൾ അവനെ നോക്കി ഒന്ന് ചിരിച്ചു.

“മുൻപ്, നിലത്ത് വീണുകിടന്ന കുപ്പിമുറി കൊണ്ട് എന്റെയും കാൽ മുറിഞ്ഞിരുന്നു. അന്ന് മുറികൂട്ടി പറിച്ചു ആ മുറിവിൽ വച്ച് തരാൻ മുത്തശ്ശി പറഞ്ഞപ്പോൾ, ഇവിടെ ചിലർ കൈയ്യിൽ കറയാകുവെന്നോ ഉടുപ്പിൽ കറയാകുവെന്നോ മറ്റോ പറഞ്ഞു ആ ജോലി അങ്ങ്

ഒഴിഞ്ഞായിരുന്നു.. അതിന് എന്തല്ലാം പ്രശനം ഇവിടെ ഉണ്ടാക്കി.. തമ്പ്രാൻ അത് ഓർക്കുന്നുണ്ടോ ആവോ?" അവനെ ഒന്ന് കളിയാക്കിയ ഭാവത്തിൽ മീനാക്ഷി അവനോട് ചോദിച്ചു.

ഇത് കേട്ട അവൻ ആകെ ചമ്മി ഇല്ലാതായിപ്പോയി
"നേരോ, അങ്ങനെ ഒക്കെ സംഭവിച്ചിട്ടുണ്ടോ? ഞാൻ ഓർക്കണില്ലല്ലോ ചേച്ചി"

"ഉവ്വ് ഉവ്വ്, നിനക്ക് അതൊന്നും ഓർമ്മകാണില്ല. ഇപ്പൊ ഏതോ ഒരു പെണ്ണിന് മുറിവുപറ്റിയപ്പോൾ അവന്റെ കൈയിലൊന്നും കറ ആയില്ല, അതും പോരാഞ്ഞിട്ട് അവൾക്ക് ഒരു പാവാടയും എടുത്ത് കൊടുത്തിരിക്കുന്നു... ഇനിയും എന്തെല്ലാം കാണണം എന്റെ കൃഷ്ണാ..."

അവൻ നിന്ന് പരുങ്ങി "അതിപ്പോ..."

"ഹഹഹ മനസ്സിലായി, മനസ്സിലായി. അല്ലേലും കാമുകിമാർക്ക് വേണ്ടി ഈ കാമുകന്മാരൊക്കെ എന്തും സഹിക്കുവല്ലോ അല്ലെ.."

"കാമുകിയോ...? എന്താ ചേച്ചി ഈ പറയണത്" അവൻ ചമ്മൽ അടക്കി പിടിച്ചുകൊണ്ട് ചോദിച്ചു"

"ഡാ ഡാ വേണ്ടാട്ടോ ഇനിയെങ്കിലും ഉള്ളത് പറയ് നീ, ആ കുട്ടിയെ നിനക്ക് ഇഷ്ട്ടാ?"

കാര്യങ്ങൾ എല്ലാം കൈവിട്ടുപോയി എന്ന് അറിഞ്ഞപ്പോൾ അവസാനം അനന്തന് മീനാക്ഷിയോട് എല്ലാ സത്യവും പറയേണ്ടി വന്നു

“ഞാൻ പറഞ്ഞില്ലേ, ഒക്കെ എനിക്ക് മനസ്സിലായിന്ന്... സാരല്ല്യാ അവൾ നല്ല കുട്ടിയാ, നിനക്ക് ചേരും. പക്ഷേ മുത്തശ്ശൻ ഇത് അറിഞ്ഞാൽ.... പിന്നെ ഉണ്ടാവണ പുകില് എന്താണെന്ന് ഞാൻ പറയേണ്ടല്ലോ?”

“യ്യോ... ചേച്ചി ഇവിടെ ആരോടും ഇത് പറയണ്ടാട്ടോ. നമ്മൾ മാത്രം അറിഞ്ഞാൽ മതി”

“ഉവ്വ്, ഞാനായിട്ട് ആരോടും ഒന്നും പറയണില്ലേ... അല്ല ആ കുട്ടിക്ക് നിന്നെ ഇഷ്ട്ടാണോ”

ആ ചോദ്യം കേട്ടപ്പോൾ അവൻ ഒരു നിമിഷത്തേക്ക് ഒന്ന് മിണ്ടിയില്ല. അവൻ തല താഴ്ത്തികൊണ്ട് പറഞ്ഞു “അറിയില്ല ചേച്ചി.. പക്ഷേ എനിക്ക് ഒരുപാട് ഇഷ്ട്ടാ അവളെ”

**പത്ത്**

അന്ന് തിരികെ വീട്ടിലെത്തിയ നന്ദിനിയുടെ മനസ്സ് നിറയെ അവനായിരുന്നു. അവനോട് തോന്നിയത് ആരാധനയാണോ അതോ പ്രണയമാണോ എന്നത് അവൾക്ക് മനസ്സിലായില്ല, അത് ഒരുപക്ഷേ പ്രണയമാണെങ്കിൽ 'അവനോട് ഒരിക്കലും അങ്ങനെയൊന്നും തോന്നിക്കൂടാ' എന്ന് അവൾ മനസ്സിൽ ഉറപ്പിച്ചു. അവനെ ഭർത്താവായി കിട്ടണമെങ്കിൽ അതിന് താൻ ഭാഗ്യം ചെയ്തവളായിരിക്കണം എന്ന് അവളുടെ മനസ്സിൽ തോന്നിപോയി.
തന്നിൽ നിന്നും ഇങ്ങനെയൊരു വികാരം അവൻ ഒരിക്കലും പ്രതീക്ഷിക്കുക പോലും ചെയ്യില്ല എന്ന ഒരു വിശ്വാസം അവൾക്ക് ഉണ്ട്, അതിനാലാണ് അവനോട് അങ്ങനെയൊന്നും തോന്നാൻ പാടില്ല എന്ന് അവൾ മനസ്സിൽ ഉറപ്പിച്ചത്.

പെട്ടന്നാണ് 'താൻ എന്തിനാണ് ഇപ്പോൾ ഇങ്ങനെയൊക്കെ ചിന്തിക്കുന്നത്' എന്ന ബോധം അവൾക്ക് ഉണ്ടായത്. അതെ അവനോട്

തനിക്ക് പ്രണയം തന്നെയാണെന്ന് അവൾക്ക് ബോധ്യമായി. ആദ്യമായി ഒരാളോട് തോന്നിയ പ്രണയം പക്ഷേ അവൾ മനസ്സിൽ തന്നെ അടക്കിവച്ചു...

**പതിനൊന്ന്**

ഇപ്പോൾ അനന്തനെ നന്ദിനിക്കും തിരികെ ഇഷ്ടമായി തുടങ്ങിയിരിക്കുന്നു, പക്ഷേ രണ്ടുപേരുടെയും മനസ്സിലുള്ള ചില തെറ്റായ ധാരണകൾ ആ പ്രണയത്തെ പൂവണിയാൻ സമ്മതിക്കാതെ മനസ്സിന്റെയുള്ളിൽ തന്നെ അടക്കിവച്ചിരിക്കുകയാണ്. പ്രണയത്തിന്റെ ഒരംശം പോലും പുറത്തുകാണിക്കാതെ രണ്ടുപേരും പരസ്പരം സുഹൃത്തുക്കളായി അഭിനയിക്കുകയാണ് ഇപ്പോൾ. ഒരുപക്ഷേ ആരെങ്കിലും ഒരാൾ അത് തുറന്നുപറഞ്ഞാൽ, അവരുടെ ജീവിതം പൂവണിഞ്ഞേനെ പക്ഷേ അവരാരും ആരും അതിനു മുതിരുന്നില്ല. താൻ ഇനിയും അവനുമായി കൂടുതൽ അടുത്തുകഴിഞ്ഞാൽ, അവനെ തനിക്ക് കൂടുതൽ ഇഷ്ടമായി തുടങ്ങും എന്നത് നന്ദിനിക്ക് മനസ്സിലായി. അതിനുശേഷം ഒരുപക്ഷേ തന്റെ പ്രണയം അവനോടു തുറന്നു പറഞ്ഞു, അവൻ അത് നിരസിച്ചാൽ അവൾക്ക് അത് ഒരിക്കലും താങ്ങാൻ പോലും പറ്റില്ല. അതുകൊണ്ട് അവൾ അവനുമായി എന്നും ഒരു അകലം പാലിച്ചുകൊണ്ടേയിരുന്നു.

നന്ദിനി ഇപ്പോൾ പഴയതുപോലെ അവനോട് കൂട്ടില്ല എന്നത് അനന്തന് പതിയെ, പതിയെ മനസ്സിലായി തുടങ്ങിയിരുന്നു. സ്കൂളിൽ വെച്ചും അവൾ അങ്ങനെ തന്നെയായിരുന്നു. ഇനിയും ഒരുപക്ഷേ തന്റെ ഇഷ്ടം അവൾ അറിഞ്ഞുകാണുമോ?... അതായിരിക്കുമോ അവൾ തന്നെ അവഗണിക്കുന്നത് എന്നോർത്ത് അവൻ ആകെ തളർന്നു.

അവൻ ആരോടും ഈ കാര്യം പറഞ്ഞതേയില്ല. ഇത്ര അവഗണന ഏറ്റു വാങ്ങാൻ താൻ അത്ര വലിയ തെറ്റാണോ ചെയ്തത് എന്ന് അവൻ ഒരുനിമിഷം ആലോചിച്ചു പോയി.

അങ്ങനെയിരിക്കേ ഒരുദിവസം സ്കൂളിൽ നിന്ന് തിരികെ വരുന്ന വഴി നന്ദിനിയോട്, പഴയതുപോലെ തന്നോട് ഇപ്പോൾ കൂട്ടില്ലാത്തത് എന്താണ് എന്ന് അവൻ ചോദിച്ചു. അവൾ പറഞ്ഞത് ഇത്രമാത്രം "ഒന്നുല്ലടാ, നിനക്ക് വെറുതെ തോന്നിയതാവും" പക്ഷേ, അവന്റെ ആ ചോദ്യം അവളെ വല്ലാതെ വേദനിപ്പിച്ചു. അന്ന് വീട്ടിലെത്തിയ അവൾ മുറിയിൽ കയറി കരച്ചിലായി. താൻ ചെയ്തത് തെറ്റായിപോയി എന്ന കുറ്റബോധം അവളുടെ മനസ്സിനെ വല്ലാതെ മുറിവേല്പിച്ചിരുന്നു. 'ഇനിയും തനിക്ക് ഇങ്ങനെത്തന്നെ മുന്നോട്ട് പോകാൻ പറ്റില്ല, എല്ലാം മറക്കാം, പക്ഷേ അറിയില്ല എങ്ങനെ എന്ന്....'
എങ്കിലും അവനോടുള്ള തന്റെ പ്രണയം മായ്ച്ചുകളയാൻ അവൾ അവസാനമായി ഒരു ശ്രമവും കൂടി നടത്തി, അവൾ അതിൽ പകുതി വിജയിക്കുകയും ചെയ്തു, മുഴുവനായും അല്ല അവളെ കൊണ്ട് പറ്റുന്ന രീതിയിൽ. 'ശെരിയാണ്, മനസ്സ്; അത്, അതിന് തോന്നുന്ന വഴികളിൽകൂടിയൊക്കെ സഞ്ചരിച്ചുകൊണ്ടേയിരിക്കും, ആർക്കും പിടി കൊടുക്കില്ല. പക്ഷേ അതിനെ നിയന്ത്രിക്കാൻ തീർച്ചയായും സാധിക്കും, അതിന്റെ തന്നെ ശക്തി ഉപയോഗിച്ച്കൊണ്ട് മാത്രം. അല്ലാതെ ചെയ്യുന്നതൊക്കെയും അതിനെ ആഴത്തിൽ മുറിവേല്പിച്ചുകൊണ്ടേയിരിക്കും. പിന്നീട് അത് കടന്നുപോകുന്നത് വൈര്യം നിറഞ്ഞ ഘട്ടത്തിലൂടെയായിരിക്കും. അത് ഒരു സത്യം തന്നെയാണ്.' നന്ദിനിക്ക് അത് നല്ല ധാരണ ഉണ്ടായിരുന്നു. അവൾ തന്റെ മനസ്സിന്റെ പൂർണ ശക്തിയും ഉപയോഗിച്ച് അതിനെ സ്വയം ആശ്വസിപ്പിച്ചു... നാളുകൾക്കൊടുവിൽ എല്ലാ വിഷമങ്ങളും, വികാരങ്ങളും അവൾ മനസ്സിലെവിടെയോ ഒരു മുറിയിൽ അടച്ചിട്ടു. പക്ഷേ നല്ല ഒരു താഴിട്ടു പൂട്ടിയിരുന്നില്ല, അതിന് അവളെക്കൊണ്ട് കഴിയുകയുമില്ല എന്ന് അവൾക്ക് അറിയാമായിരുന്നു.

പക്ഷേ എങ്കിലും അവൾ അവനോടു പഴയതു പോലെ പെരുമാറിയിത്തുടങ്ങിയിട്ടുണ്ടായിരുന്നു.

*****

“അനന്തു ഡാ, അനന്തു”.

ചാരുകസേരയിൽ ഇരുന്നു മയങ്ങിയ അവൻ ഞെട്ടിയുണർന്നു

“എത്രനേരായാടാ നീ ഇവിടെ കിടന്നുറങ്ങാൻ തുടങ്ങിയിട്ട്. ഞാൻ വന്നിട്ട് എത്രനേരായെന്ന് അറിയോ നിനക്ക്?”
ശ്രീലക്ഷ്മിയായിരുന്നു അത്

“ശ്രീ, അല്ല നീ ആളാകെ മാറീട്ടോ എത്രനാളയാടി നമ്മള് കണ്ടിട്ട്, ഓ ഞാൻ ഓർക്കുവായിരുന്നു നമ്മുടെ ആ പഴയ കാലം. അതൊക്കെ ആലോചിച്ചോണ്ട് ഇരുന്ന് അങ്ങ് മയങ്ങിപ്പോയി”

“അതേടാ, മറക്കാൻ പറ്റോ ആ കാലമൊക്കെ, ഉവ്വ് നിന്നോട് ഞങ്ങൾ എപ്പോഴും പറയണതല്ലേ ഇങ്ങട്ക്കെ വരാൻ, അതെങ്ങനെയാ എപ്പോഴും ഒരു ജോലി ജോലി, നീ മാത്രേ ഉള്ളോ, കാനഡയിൽ ഡോക്ടറായിട്ട്?”

“ഒന്നുപോടി, ഒരു ഡോക്ടറിന്റെ തിരക്ക് നിനക്കൊന്നും പറഞ്ഞാൽ മനസ്സിലാവില്ല. മാത്രല്ല, നിനക്കറിയാല്ലോ നന്ദു അവിടെ പി.എച്ച്.ഡി ചെയ്തുകൊണ്ടിരിക്കുകയാണ്ന്ന്. അതിനിടയിലൊക്കെ എപ്പഴാ നേരം. അതുപോട്ടെ ദേവൻ എവിടെ?”

“ഉവ്വ് ഉവ്വ് വിഷയം മാറ്റണ്ട.... ദേവൻ ഡൽഹിയിലല്ലേ, നീ വരണൂന്ന് അറിഞ്ഞപ്പോഴേ ആൾ അവിടുന്ന് ചാടി.... നാളെ ഇങ്ങെത്തും.”

“നന്ദൂനേ കണ്ടായിരുന്നോ? നീയ്.”
അവൻ ചോദിച്ചു.

“ഉവ്വ്, അവളും ആകെ മാറിട്ടോ, പണ്ട് ഇവിടുണ്ടായിരുന്നെ കുട്ടിയേ അല്ല അവൾ ഇപ്പൊ, ആകെ മാറീട്ടുണ്ട്. കുട്ടികളൊക്കെ അച്ഛന്റെയും അമ്മടെയും കൂടെ നാളെ എത്തുള്ളുന്ന് നന്ദിനി പറഞ്ഞു.
എങ്കിലും അനന്തു, ഇപ്പഴും എനിക്ക് അങ്ങട്ട് വിശ്വാസം ആവണില്ല... എട്ടു വർഷം.....”

“അതെ ശ്രീലക്ഷ്മി, എനിക്കും അങ്ങനെ തന്നെയാ. എന്താ അല്ലേ... കാലം പോയ ഒരു പോക്കേ. വീണ്ടും ഇങ്ങനെ ഒരു ഉത്സവത്തിന് കൂടാൻ പറ്റുവെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നതല്ല, പിന്നെ എല്ലാവരുടെയും ആഗ്രഹം പോലെ അങ്ങ് നടക്കട്ടെ എന്ന് ഞാനും കരുതി.”

“ഹയ്യോ... അതുകൊണ്ട് ഇപ്പഴെങ്കിലും ഇങ്ങോട്ട് വരാൻ തോന്നിയല്ലോ നിനക്ക്..”

“ഹഹഹ.. പോടീ അവിടുന്ന്.”

“ദേ, ദേ നന്ദിനി മാഡം വരുന്നുണ്ട്.”

“എന്താണ് രണ്ടാളും കൂടി ചർച്ച... എന്നെകുറിച്ച് വല്ലതും ആണോ?”

“അതെ താൻ എന്റെ ചെക്കനെ നോക്കുന്നില്ല എന്ന് പരാതി”

“ഉവ്വോ ആയിക്കോട്ടെ... അല്ല താങ്കളുടെ ചെക്കനോ? അതൊക്കെ പണ്ടായിരുന്നു.. ഇപ്പം എന്റെ ചെക്കനാ... അല്ലേ അനന്തു”

“അയ്യോ, ഞാൻ നേരത്തെ പറഞ്ഞത് അങ്ങ് തിരിച്ചെടുക്കുന്നു... മാധത്തിന്റെ ചെക്കൻ തന്നെയാണേ അവൻ അന്നും ഇന്നും. ഈ അടിയനോട് ക്ഷമിക്കണേ...”

“ഹഹഹ... സാരല്യ നോം ക്ഷമിച്ചിരിക്കണൂ...”

അതെ, നന്ദിനി ഇപ്പോൾ അനന്തന്റെ ഭാര്യയാണ്. എട്ട് വർഷത്തിന് ശേഷം ക്ഷേത്രത്തിലെ ഉത്സവവും ഒപ്പം അവരുടെ എട്ടാമത്തെ വിവാഹവാർഷികവും ആഘോഷിക്കാനായി തറവാട്ടുവീട്ടിലേക്ക് എത്തിയതാണ് രണ്ടുപേരും. ദൈവം ചിലതൊക്കെ നിശയിച്ചിട്ടുണ്ട് എന്ന് പറയുന്നത് എത്ര ശരിയാണ്...

*****

**പന്ത്രണ്ട്**

അന്ന് അവൻ പ്ലസ്ടു കഴിഞ്ഞശേഷം അവന്റെ അമ്മയുടെയും അച്ഛന്റെയും ആഗ്രഹം പോലെ മെഡിസിൻ പഠിക്കാൻ തീരുമാനിച്ചു. പ്രവേശനപ്പരീക്ഷയിൽ മികച്ചവിജയവും അവൻ കാഴ്ചവച്ചു. വൈകാതെ തന്നെ അന്നത്തെ ഏറ്റവും നല്ല മെഡിക്കൽ കോളേജുകളിൽ ഒന്നായ 'കൽക്കട്ട മെഡിക്കൽ കോളേജിൽ' തന്നെ അവന് അഡ്മിഷനും ലഭിച്ചു. താൻ ഇതുവരെ വളർന്ന ആ നാടുവിട്ടു പോകാൻ അവന് പറഞ്ഞറിയിക്കാൻ പറ്റാത്ത അത്ര വിഷമമുണ്ട്. അങ്ങോട്ടേക്ക് പോയാൽ ഇനിയും താൻ എന്ന് നാട്ടിലേക്കു തിരിച്ചു വരും എന്നൊന്നും അവന് അറിയില്ല. അവൻ കൽക്കട്ടയിലേക്ക് പോകാൻ തയ്യാറെടുത്തു. അവിടെനിന്നും പോകുന്നതിനു മുൻപെങ്കിലും അവളോട് തന്റെ ഇഷ്ടം തുറന്നുപറയണം എന്ന് അവന് ആഗ്രഹമുണ്ട്.

അങ്ങനെ അങ്ങോട്ടേക്ക് പോകുന്നതിനു തലേദിവസം അവൻ നന്ദിനിയെ കാണാനായി അവളുടെ വീട്ടിലേക്ക് പോയി. പക്ഷേ അപ്പോഴും വിധിയുടെ മുൻപിൽ അവന് തോൽക്കേണ്ടിവന്നു, അവൾ അവിടെ വീട്ടിൽ ഇല്ലായിരുന്നു.

“നന്ദിനി ഇവിടെ ഇല്ലേ, വല്യമ്മേ.”

“അവള് ഇന്നലെ നാട്ടിലേക്ക് പോയല്ലോ മോനേ. അവളുടെ അച്ഛമ്മക്ക് അസുഖം കൂടി എന്ന് ഇന്നലെ അവളുടെ അച്ഛൻ വിളിച്ചു പറഞ്ഞിരുന്നു.”

“ഉവ്വോ, എന്നിട്ട് അവൾ ഒന്നും പറഞ്ഞില്ലല്ലോ എന്നോട്”

“ഇന്നലെ, വൈകിട്ടാ അവള് പോയെ. ഒറ്റക്ക് പോകണ്ട, ഇന്ന് എന്റെയൊപ്പം പോകാം എന്ന് അവളോട് പറഞ്ഞതാ... കേൾക്കണ്ടേ ആ കുട്ടി. അല്ല, അത് അറിഞ്ഞേ പിന്നെ അവൾ ആകെ സങ്കടായി നടക്കായിരുന്നു ഇവിടെ, അതാ ഇന്നലെ തന്നെ അങ്ങ് പോയത്”

“ഞാൻ ഇന്ന് പോവാ, കൽക്കട്ടയിലേക്ക്. അവളോടും വല്യമ്മയോടും പറയാം ന്ന് കരുതി വന്നെയാ... മാത്രല്ല, അവൾക്ക് ഇന്ന് എന്തോ പറയാനുണ്ട് എന്നൂടി പറഞ്ഞിരുന്നു. സാരല്യ, അവളെ പിന്നീട് കാണാല്ലോ” സങ്കടം മറച്ചു പിടിച്ചുകൊണ്ട് അവൾ പറഞ്ഞു

അതേ, അവനെ പോലെ തന്നെ നന്ദിനിക്കും അന്ന് അവൻ പോകുന്നതിനു മുൻപ് തന്റെ പ്രണയം അവനോട് തുറന്നുപറയണം എന്ന് ഉണ്ടായിരുന്നു പക്ഷേ വിധി അവളേയും അതിന് സമ്മതിച്ചില്ല.

അനന്തൻ ആകെ വിഷമത്തിലായി, ഒരു വലിയ ഭാരം മനസ്സിൽ നിറച്ചുകൊണ്ടാണ് ഒരുപാട് വർഷങ്ങൾക്ക് ശേഷം അവൻ പാലക്കാട് നിന്നും ഒരിക്കൽ കൂടി തിരിച്ച് തന്റെ ആ പഴയ കൽക്കട്ട

നഗരത്തിലേക്ക് പോകുന്നത്. അവർ തമ്മിൽ ഇനിയും എന്ന് കണ്ടുമുട്ടും എന്ന് അറിയില്ല. അവൻ റെയിൽവേ സ്റ്റേഷനിലേക്ക് യാത്രതിരിച്ചു.

പാലക്കാട് ജംഗ്ഷൻ, അവനെപ്പോലെ എവിടേക്കോ യാത്രാതിരിക്കുന്ന ഒരുകൂട്ടം ആളുകൾ. ട്രെയിൻ ഹോൺ മുഴക്കികൊണ്ട് ഒന്നാം നമ്പർ പ്ലാറ്റഫോംമിലേക്ക് വന്നുകൊണ്ടിരിന്നു. സ്റ്റേഷനിൽ അനൗൺസ്മെന്റും മുഴങ്ങി `യാത്രക്കാരുടെ ശ്രദ്ധക്ക്....... ´ ആ സമയം മുത്തശ്ശിയും മുത്തശ്ശനുംകൂടി അവനെയും കെട്ടിപിടിച്ചു കരഞ്ഞു. നിറഞ്ഞ കണ്ണുകളുമായി ദേവനും ശ്രീലക്ഷ്മിയും ഒപ്പം ചെന്നു. ട്രെയിൻ വന്നു നിന്നതും തന്റെ സാധനങ്ങളുമായി അവൻ ട്രെയിനിലേക്ക് കയറി. ട്രെയിൻ മുന്നോട്ട് നീങ്ങി തുടങ്ങുമ്പോഴും അവൻ അവരെ നോക്കിയും അവർ അവനെ നോക്കിയും നിന്നു. ട്രെയിൻ വേഗത കൂട്ടുംമുമ്പേ അവസാനമായി അവൻ സ്റ്റേഷനിലേക്ക് ഒന്ന് കണ്ണോടിച്ചു, ചിലപ്പോൾ നന്ദിനി അവിടെ വന്നാലോ എന്ന് കരുതി, പക്ഷേ ആരും വന്നില്ല. അവൻ ചെന്ന് തന്റെ സീറ്റിലേക്ക് ഇരുന്നു. ജനാലയിൽ കൂടി പുറത്തേക്ക് നോക്കികൊണ്ടിരുന്ന അവന്റെ കണ്ണുകൾ അപ്പോഴും നിറഞ്ഞിട്ടുണ്ടായിരുന്നു. ആ ട്രെയിനിൽ ഇരിക്കുമ്പോഴും അവന്റെ മനസ്സുമുഴുവൻ നന്ദിനിയെ കുറിച്ചുള്ള ചിന്തയായിരുന്നു. ചില സിനിമകളിൽ കാണുമ്പോലെ അവസാന നിമിഷം നായകനെ തേടി നായിക റെയിൽവേ സ്റ്റേഷനിലോ, അല്ലെങ്കിൽ വിമാനത്താവളത്തിലോ എത്തുംപോലെ അവളും അവിടെ എത്തും എന്ന ഒരു ചെറിയ തോന്നൽ അവനിലുണ്ടായിരുന്നു. "സിനിമയിൽ എന്തും ആവാമെല്ലോ" ജീവിതത്തെ ഒരിക്കലും സിനിമയുമായി താരതമ്യം ചെയ്യാൻ പാടില്ല എന്ന സത്യം അവൻ അപ്പോൾ ഓർത്തു.

## പതിമൂന്ന്

പാലക്കാട് നിന്നും കൽക്കട്ടയിലേക്ക് എത്തിച്ചേരാൻ നാല് ദിവസം എടുത്തു. ഒരുപാട് വർഷത്തിന് ശേഷം കൽക്കട്ടയിൽ എത്തിയ അവൻ ആകെ ഞെട്ടിപ്പോയി. താൻ അന്ന് അവിടെനിന്നും പോകും പോലെ അല്ലായിരുന്നു ഇപ്പോൾ കൽക്കട്ട. ഒരുപാട് മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒരുപാട് നഗരവത്കരണങ്ങൾ നടന്നിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ മെട്രോ സംവിധാനം കൽക്കട്ടയിൽ ആരംഭിച്ചു എന്നത് അവൻ നേരത്തെ അറിഞ്ഞിരുന്നു, ഇപ്പോൾ ദാ അത് നേരിട്ട് കണ്ടു...! അങ്ങനെ അവിടെയെത്തിയ അവൻ, അവിടെ നേരത്തെ തന്നെ ശരിപ്പെടുത്തി വെച്ചിരുന്ന ഹോസ്റ്റലിലേക്ക് ചെന്നു. ഒരു സ്ത്രീ ആയിരുന്നു അവിടുത്തെ വാർഡൻ, റാണി നായിഡു. പേരുപോലെ തന്നെ അവരെ കണ്ടാലേ ആരായാലും ഒന്ന് വിറച്ചുപോകും. നെറ്റിയിൽ ഒരിഞ്ച് വലുപ്പമുള്ള ചുവന്ന പൊട്ടും, കാതിൽ ഒരു വലിയ ജിമിക്കിയും, എല്ലാം പോരാത്തതിന് ഒരു മൂക്കുത്തിയും കുത്തിയ, മജന്തയും മഞ്ഞയും നിറങ്ങൾ കലർന്ന ഒരു സാരിയുമുടുത്ത ഏതാണ്ട് നാല്പത്തിയഞ്ചിനും അമ്പതിനും ഇടക്ക് പ്രായം തോന്നിക്കുന്ന ഒരു സ്ത്രീ. ആദ്യമേ അവരെ കണ്ടപ്പോൾ അനന്തൻ കരുതി, ഒരു ബംഗാളി സ്ത്രീ ആയിരിക്കുമെന്ന് പക്ഷേ അവർ ഒരു തമിഴത്തി ആയിരുന്നു. അവർ അവന് മുറിയിലേക്കുള്ള വഴി കാണിച്ചു കൊടുത്തു. അവിടെയുള്ളതിൽ വെച്ച് അത്യാവിശം നല്ല സൗകര്യമുള്ള മുറിയായിരുന്നു അത്. അവിടെ ആ മുറിയിൽ അവന്റെയൊപ്പം മറ്റു പേരുണ്ടായിരുന്നു. ഒരാൾ തമിഴ് നാട് സ്വദേശിയാണ്, മുത്തു. മറ്റെയാൾ ഒരു ആലപ്പുഴക്കാരനും, വേണുഗോപാൽ.

അവിടെ എത്തിയ രണ്ടുദിവസം അവന് ഒരുപോള കണ്ണടക്കാൻ സാധിച്ചില്ല, കണ്ണടയ്ച്ചാൽ തന്റെ സ്നേഹിതരുടെ ഓർമ്മയാണ്, കൂടാതെ നന്ദിനിയുടെ ആ ചിരിയും.

അവൻ അവിടെ എത്തിയിട്ട് ഏകദേശം ഒരുമാസം കഴിയുമ്പോഴേക്കും പതിയ, പതിയ അവൻ തന്റെ ആ ഹോസ്റ്റലും, കോളേജും, പുതിയ സുഹൃത്തുക്കളുമായുമൊക്കെ പൊരുത്തപ്പെട്ടിട്ടുണ്ടായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം തന്നെ കാണാനായി രണ്ടുപേർ വന്നിട്ടുണ്ട് എന്ന് ഹോസ്റ്റലിലെ ജോലിക്കാരൻ രാംകുമാർ വന്ന് അവനോട് പറഞ്ഞു. ‘ഇതാരാ ഇപ്പൊ ഇത്ര പെട്ടന്ന് തന്നെ കാണാനായി എത്തിയത്’ അവൻ മുറിയിൽ നിന്നും താഴേക്ക് ചെന്നു.
അവൻ താഴെ എത്തിയതും, അവിടെ വിസിറ്റേഴ്സ് റൂമിലെ ആ ഇരുമ്പ് കസേരയിൽ ഇരുന്ന ദേവനും, ശ്രീലക്ഷ്മിയും അവനെ കണ്ട് എഴുന്നേറ്റു. എന്തിനാണ് അവർ ഒരറിയിപ്പും കൂടാതെ പെട്ടന്ന് ഇത്രയും ദൂരം, തന്നെ കാണാനായി എത്തിയത് എന്ന് ആലോചിച്ച് അവൻ ഒന്ന് ഭയപ്പെട്ടു. അവനെ കണ്ടതും രണ്ടുപേരും ഓടി വന്ന് അവനെ കെട്ടിപിടിച്ചു.

"എന്താ രണ്ടാളും കൂടി പെട്ടന്ന് ഇപ്പൊ ഇങ്ങോട്ട് പോണേ.." ഒരു നെഞ്ചിടിപ്പോടെ അവൻ ചോദിച്ചു.

ആരും ഒന്നും മിണ്ടിയില്ല. ദേവനും ശ്രീലക്ഷിമിയും പരസ്പരം ഒന്ന് നോക്കി. ശേഷം ശ്രീലക്ഷ്മി അവളുടെ ബാഗ് തുറന്ന് അതിൽ നിന്നും ഒരു മടക്കിയ പേപ്പർ എടുത്ത് അനന്തന്റെ കയ്യിലേക്ക് വെച്ച് കൊടുത്തു. അത് നന്നായി ചുളിങ്ങിയിട്ടുണ്ടായിരുന്നു.

"എന്താ ഇത്, കത്താണോ ഇത് ആര് തന്നു...?"

"നീ അതൊന്നു തുറന്നു വായിച്ചു നോക്ക്"

അവൻ ആ കത്ത് വായിച്ചു നോക്കി.

22/07/1987
കൽപ്പാത്തി

പ്രിയപ്പെട്ട അനന്തന്.
നിനക്ക് സുഖമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. നീ അങ്ങനെ നിന്റെ ആ പഴയ നാട്ടിലേക്ക് തിരിച്ചെത്തി അല്ലേ. ഉവ്വ്, ഞാൻ അറിഞ്ഞു, പക്ഷേ മുത്തശ്ശിക്ക് സുഖമില്ലാഞ്ഞതുകൊണ്ടാണ് ഞാൻ അന്ന് നാട്ടിലേക്ക് പോയത്. ഇപ്പോൾ മുത്തശ്ശിക്ക് കുഴപ്പം ഒന്നും ഇല്ല. ദൈവത്തിന്റെ അനുഗ്രഹം കൊണ്ട് എല്ലാം മാറി. അനന്തു, ഒരുപാട് കാലായിട്ട് ഞാൻ നിന്നോട് ഒരു കാര്യം പറയണം എന്ന് കരുതുന്നു. പക്ഷേ എന്തോ, കാലം അതിന് സമ്മതിക്കുന്നില്ല എന്ന് ഒരു തോന്നൽ എന്റെ മനസ്സിലുണ്ട്. പക്ഷേ പറയാതിരിക്കാനും എനിക്ക് ആവണില്ല.നീ എന്ത് കരുതും എന്നും എനിക്ക് അറിഞ്ഞുകൂടാ. ഞാൻ ഈ പറയാൻ പോകുന്ന കാര്യം കാരണം നീ എന്നോട് പിന്നീട് പിണങ്ങരുത്. അത് എനിക്ക് സഹിക്കാൻ പറ്റില്ല. നിനക്ക് ഇപ്പോൾ തോന്നുന്നുണ്ടാകും എനിക്ക് വല്ല ഭ്രാന്തുമാണോ എന്ന്, ചിലപ്പോൾ അങ്ങനെയും ആകാം. അനന്തു... ഡാ എനിക്ക് നിന്നെ ഒരുപാട് ഇഷ്ടമാണ്, ഒരുപാട് ഒരുപാട്. ഇത് എനിക്ക് നിന്നോട് നേരിട്ട് പറയണം എന്നുണ്ടായിരുന്നു, അതാണ് നീ പോകുന്നതിന് മുൻപ് നിന്നോട് ഒരു കാര്യം പറയാൻ ഉണ്ടെന്ന് ഞാൻ സൂചിപ്പിച്ചത്. പക്ഷേ അന്നും അതിന് സാധിച്ചില്ല. അനന്തു ഞാൻ ഈ പറഞ്ഞത് നിന്നെ വേദനിപ്പിച്ചെങ്കിൽ നീ എന്നോട് ക്ഷമിക്കണം. നിന്നെ ഞാൻ ആദ്യമായി കണ്ട ആ ദിവസം തന്നെ നിന്നോട് എന്തോ എനിക്ക് പ്രത്യക അടുപ്പം തോന്നിയിരുന്നു. പക്ഷേ പിന്നീട് അത് ഇങ്ങനെ ഒരു പ്രേമമായി തീരുമെന്ന് ഞാൻ ഒരിക്കൽ പോലും വിചാരിച്ചതല്ല. ഇവിടെ ശ്രീലക്ഷ്മിക്കോ, ദേവനോ പോലും ഈ കാര്യം അറിയില്ല. നീ ഇതുവരെ ഒരു പെൺകുട്ടിയേയും സ്നേഹിച്ചിട്ടുണ്ടാവില്ല എന്ന് എനിക്കറിയാം. ഞാനും അങ്ങനെ തന്നെയാണ്, നിന്നെയല്ലാതെ വേറെ ഒരാളെ പോലും ഞാൻ ഇന്നേവരെ മനസ്സിൽ കൊണ്ടു നടന്നിട്ടില്ല. ശെരിയാ, നിനക്ക് എന്നെ തിരിച്ച് ഇഷ്ടപ്പെടണം എന്നില്ല. എങ്കിലും എനിക്ക് നിന്നോടുള്ള ഇഷ്ടം ഒരിക്കലും കുറയുകയുമില്ല, സത്യം....!!

എന്ന് സ്നേഹപൂർവ്വം
നന്ദിനി

ആ കത്ത് വായിച്ചു നിർത്തിയതും അവന്റെ കണ്ണിൽ നിന്നും കണ്ണുനീർതുള്ളികൾ ഓരോന്നോയി ആ കത്തിലേക്ക് വീണുതുടങ്ങി ആ കത്ത് നനഞ്ഞു. അവന്റെ ഹൃദയം തീവ്രമായ വികാരം കാരണം ഒരുനിമിഷത്തേക്ക് നിലച്ചുപോയി. സ്വപ്നത്തിൽ പോലും ഇങ്ങനെയൊന്ന് അവൻ പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നില്ല.
'അപ്പോൾ നന്ദിനിക്ക് തന്നെയും ഇഷ്ടമായിരുന്നല്ലേ' തന്റെ ഇഷ്ടം ഇത്രെയും നാൾ അവളിൽ നിന്നും മറച്ചുവച്ചത് ഏറ്റവും വലിയ തെറ്റായിപ്പോയി എന്ന് അവന് മനസ്സിലായി.' പക്ഷേ, എന്തിനാവും അവളും, അവളുടെ ഇഷ്ടം ഇത്രയും കാലം മനസ്സിൽ തന്നെ സൂക്ഷിച്ചുവെച്ചത്' ഒരുപക്ഷേ തന്നെപോലെ അവളും ചിന്തിച്ചിരുന്നിരിക്കാം.

“ഇത് എന്താ അവൾ നിങ്ങടെ കയ്യിൽ കൊടുത്തുവിട്ടത്. അവൾക്ക് പോസ്റ്റ് ചെയ്താൽ മതിയാരുന്നെല്ലോ” ശ്രീലക്ഷ്മിയോട് അനന്തൻ ചോദിച്ചു.

“ഏയ്, ഇത് എനിക്ക് അവള് തന്നതൊന്നും അല്ലടാ, എനിക്കിത് അവളുടെ മുറിയിൽ നിന്നും കിട്ടിയതാ.”

“ശെരിക്കും?” അവൻ ഞെട്ടലോടെ ചോദിച്ചു

“അതേടാ... കഴിഞ്ഞ ഒരു ദിവസം ഞാൻ അവളുടെ വീട്ടിൽ പോയിട്ടുണ്ടായിരുന്നു, ഒരു പുസ്തകം വാങ്ങാനായിട്ട്. എന്നെ അവളുടെ മുറിയിലാക്കിയിട്ട് വെള്ളം എടുത്തുകൊണ്ടുവരാനായോ മറ്റോ അവൾ അങ്ങട് പോയി. ആ സമയം അവിടെ, ഞാൻ ഇരുന്നിരുന്ന കട്ടിലിന്റെ താഴെ വെറുതെ ചുരുണ്ട് കിടന്ന ഒരു പേപ്പർ എടുത്ത് ഒന്ന് തുറന്ന് നോക്കിയതാ, അപ്പൊ തന്നെ ഞാനും ഞെട്ടിപോയി.... അതാ ഇത്. പിന്നീട് അവൾ തിരികെ വന്നപ്പോൾ ഞാൻ ഇതിന്റെ കാര്യം ഒന്നും മിണ്ടിയില്ല. പക്ഷേ, ഞാൻ വെറുതെ അവളോട് ചോദിച്ചു, നീ എന്താടി മുറി ഒന്നും വൃത്തിയാക്കാറില്ലേ, ദേ എന്തോരം

പേപ്പറുകളാ ചുരുട്ടി ഇട്ടേക്കുന്ന എന്ന്, അപ്പോൾ അവൾ പറയാ.. അതേടി വൃത്തിയാക്കണം... അവൾ നോട്ട് എഴുതുവായിരുന്നു പോലും. ഇതായിരുന്നു അവളുടെ നോട്ട് എഴുത്ത് എന്ന് അവളുടെ സംസാരത്തിൽ നിന്നും എനിക്കപ്പോ മനസ്സിലായി. ഞാൻ ഒന്നും മിണ്ടിയില്ല. ഈ എഴുത്ത് എന്റെ കയ്യിൽ കിട്ടിയതും അവൾ അറിഞ്ഞിട്ടില്ല"

ശ്രീലക്ഷ്മി അങ്ങനെ പറഞ്ഞപ്പോൾ അവന് അത് ഒന്നുകൂടി ബോധ്യമായി 'അതെ, ഞാൻ ഉദ്ദേശിച്ചത് ശരി തന്നെയാണ്. എന്നോട് അവളുടെ ഇഷ്ടം തുറന്നു പറഞ്ഞാൽ ഒരുപക്ഷേ ഞങ്ങൾ തമ്മിലുള്ള സൗഹൃദബന്ധം അത് കാരണം നഷ്ടപെടുമോ എന്നത് അവളും തെറ്റായി തന്നെ ധരിച്ചിരുന്നു. എല്ലാം വിധി അല്ലാതെ എന്തുപറയാനാ.'

"വിശ്വസിക്കാൻ പറ്റണില്ല എനിക്ക്."

"അതേടാ ഞങ്ങൾക്കും ഇത് ഇപ്പോഴും അങ്ങട്ട് വിശ്വസിക്കാൻ പറ്റണില്ല. ഇന്നേവരെ അവൾ ഇതിനെപ്പറ്റി ഞങ്ങളോട് ഒരക്ഷരംപോലും മിണ്ടീട്ടില്ല. ശെരി എന്നോട് പറയണ്ടാ, പക്ഷേ ഇവളോടെങ്കിലും പറയാമായിരുന്നു അവൾക്ക്." ദേവൻ പറഞ്ഞു

"ശെരിയാടാ ഞാൻ വിചാരിച്ചു അവൾ നമ്മടെ ആത്മാർത്ഥ സുഹൃത്താണെന്ന്, പക്ഷേ...." മുഖം ഒന്ന് താഴ്ത്തികൊണ്ട് ശ്രീലക്ഷ്മി പറഞ്ഞു.

"ശെരി, ശെരി... അത് ഇനി ഒരു പ്രശ്നമാക്കണ്ട പോട്ടെ. എന്തായാലും അവൾക്ക് എന്നെ ഇഷ്ടാണെല്ലോ. കൊല്ലം ഇത്ര ആയാലെന്താ, ന്റെ പ്രാർത്ഥന നീ ഇപ്പോളെങ്കിലും കേട്ടല്ലോ ന്റെ കൃഷ്ണാ...."

അവർ അവിടെ വന്നതും, ആ കത്ത് അവന് നൽകിയതും ഒരിക്കലും അവൾ അറിയാൻ പാടില്ല എന്ന് അനന്തൻ ലക്ഷ്മിയോടും, ദേവനോടും

ആവശ്യപ്പെട്ടിരുന്നു. എന്നെങ്കിലും താൻ നാട്ടിൽ വരുമ്പോൾ തന്റെ ഇഷ്ടവും അവളോട് നേരിട്ട് തന്നെ അറിയിക്കണം എന്ന് അവൻ മനസ്സിൽ കുറിച്ചിട്ടു.
തിരികെ മുറിയിൽ എത്തിയ അനന്തൻ, ആ സന്തോഷ വാർത്ത അവന്റെ അവിടുത്തെ കൂട്ടുകാരെ അറിയിച്ചു. അവരോട് എല്ലാ കാര്യങ്ങളും അനന്തൻ നേരത്തെ തന്നെ പറഞ്ഞിട്ടുണ്ടായിരുന്നു. ഇങ്ങനെയൊരു വാർത്ത അറിഞ്ഞ അവർ അപ്പോൾ തന്നെ അനന്തനെ എടുത്ത് പൊക്കി. പിന്നെ ആ മുറിയിൽ ആകെ ബഹളമായിരുന്നു. അത് കേട്ടതും എവിടെനിന്നാണെന്ന് അറിയില്ല വാർഡൻ റാണി നായിഡു ഓടി എത്തി. അവർ ഇനിയും അവരെ പറയാൻ ബാക്കി ഒന്നും ഇല്ല. അവസാനം മുത്തു അവരോടു ഒരു നുണ അങ്ങ് തട്ടി വിട്ടു. 'അനന്തൻ ഒരു അമ്മാവൻ ആയി പോലും' അത് കേട്ടതും അവർ ഫ്ലാറ്റ്.... അവർ രണ്ടു കൈയും ഉപയോഗിച്ച് അവന്റെ മുഖം ഉഴിഞ്ഞു. അങ്ങനെ മൂന്നുപേരും ഒരുവിധത്തിൽ അവരെ എങ്ങനെയൊക്കയോ അവരെ അവിടെനിന്നും പറഞ്ഞുവിട്ടു.

“അപ്പോൾ എങ്ങനാ ഇന്നത്തെ ചിലവ് അനന്തന്റെ വകയല്ലേ?” വേണുഗോപാൽ ചോദിച്ചു

“അത് പിന്നെ പറയാനുണ്ടോ” മുത്തു തമിഴിൽ പറഞ്ഞുകൊണ്ട് അവന്റെ തോളിൽ ഒന്ന് തട്ടി.

“അല്ല, ഇനിയും മുത്തുവിന്റെ വക എന്നാ ചിലവ്... ഉടനെ എങ്ങാനം കാണുവോ?” വേണു അവനെ ഒന്ന് കളിയാക്കി ചോദിച്ചു.

അത് കേട്ടതും മുത്തു അവിടെ ഉണ്ടായിരുന്ന തലയണ എടുത്ത് വേണുഗോപാലിന്റെ തലയിലേക്ക് ഒറ്റയേറ്.. ശേഷം തമിഴിൽ അവനെ എന്തക്കയോ ചീത്ത പറഞ്ഞു, അനന്തന് അത് എന്താണെന്ന് മനസ്സിലായില്ല, എങ്കിലും അവൻ ഒന്ന് ചിരിച്ചു.

മുത്തുവിനും ഉണ്ടായിരുന്നു അനന്തനെ പോലെ ഒരു നന്ദിനി, പേര് ‘നിമിഷ’. ഒരിക്കൽ മുത്തു അവളോട് തന്റെ ഇഷ്ടം തുറന്നു പറഞ്ഞതാ, പക്ഷേ എന്താ, അവൾ ഉടനെ തന്നെ അവന്റെ മുഖത്ത് നോക്കി പറഞ്ഞില്ലേ 'അവൾക്ക് ഇഷ്ടമല്ല എന്ന്'. പിന്നീട് അതും പറഞ്ഞു വിവാഹം ഒന്നും വേണ്ട എന്ന് തീരുമാനിച്ചിരിക്കുകയാണ് പാവം. ആർക്കറിയാം, ഒരുപക്ഷേ മാറ്റുരണ്ടുപേരേക്കാൾ മുൻപ് അവനായിരിക്കും ആദ്യം വിവാഹം കഴിക്കുന്നത്. എന്തായാലും അന്ന് അത് കേട്ട പിന്നെ അനന്തന് ഉണ്ടായിരുന്ന ധൈര്യം കൂടി പോയി.

അങ്ങനെയിരിക്കെ നാട്ടിൽ പോകാനായി അവന് ഒരവസരം ഒത്തുവന്നു. ദീപാവലി എത്താറായി, കൽക്കട്ട നഗരം മുഴുവനും അതിന്റെ തയാറെടുപ്പിലാണ്.

നന്ദിനിക്ക് നാട്ടിൽ തന്നെ ഒരു കോളേജിൽ അഡ്മിഷൻ ലഭിച്ച കാര്യം അവൻ അറിഞ്ഞിരുന്നു. ഒരുപക്ഷേ ദീപാവലി ആയതിനാൽ അവൾക്കും അവധി കിട്ടാൻ സാധ്യത ഉണ്ട്, അവൻ ചിന്തിച്ചു.

**പതിനാല്**

അവൻ നാട്ടിലെത്തി. സമയം ഏതാണ്ട് നാലുമണി കഴിഞ്ഞു. മഴയുടെ ഒരു ചെറിയ ലക്ഷണമൊക്കെ ഉണ്ട്. അവിടെ തറവാട്ടുവീട്ടിലെത്തി തന്റെ സാധങ്ങൾ എല്ലാം എവിടെയാക്കി, ഒരു കുളിയൊക്കെ കഴിഞ്ഞതിനുശേഷം അവൻ ആദ്യമേ പോയത് നന്ദിനിയുടെ വീട്ടിലേക്കാണ്. പക്ഷേ അവൾ അവിടെ ക്ഷേത്രത്തിലായിരുന്നു. അവൻ വന്ന വിവരം അവൾ അറിഞ്ഞിട്ടില്ല. അവൻ ക്ഷേത്രത്തിലേക്ക് ചെന്നു. അവിടെ അവളെയും കാത്ത് കുറച്ചു നേരം ആൽത്തറയിൽ ഇരുന്ന അവൻ അവിടെ നിന്നും എഴുന്നേറ്റു മുന്നോട്ടേക്ക് നീങ്ങി, ഒന്ന്

ആകാശത്തേക്ക് നോക്കി, 'മഴ ഇപ്പോൾ പെയ്തു തുടങ്ങും' എന്ന് അവൻ മനസ്സിൽ വിചാരിച്ചതും ഒരു മഴതുള്ളി അവന്റെ കവിളിലേക്ക് വന്നു വീണു. അതിന്റെ തണുപ്പ് കാരണം അവൻ കണ്ണുകൾ ഒന്ന് അറിയാതെ ചിമ്മി അടച്ചു. ആ തണുത്ത കാറ്റ് അവന്റെ മുഖത്തെ ഒന്ന് തഴുകി കടന്നുപോയി...

"അനന്തു...!!"

അവൻ തിരിഞ്ഞു നോക്കി

"നന്ദിനി...!!"

അന്ന് ആദ്യമായി നന്ദിനിയെ അനന്തൻ കണ്ടുമുട്ടിയപ്പോൾ അവൾ എങ്ങനെയായിരുന്നോ അതുപോലെ തന്നെ ഇന്നും അവൾ പാട്ടുപാവാടയും അണിഞ്ഞു തലയിൽ മുല്ലപ്പൂവും ചൂടി, നെറ്റിയിൽ ഒരു ചന്ദനകുറിയും ചാർത്തി, അവന്റെ കണ്മുൻപിൽ അണിഞ്ഞൊരുങ്ങി നില്കുന്നു. ഇന്ന് അവളുടെ പിറന്നാളാണ്. അവളെ കണ്ടതും അവന്റെ കണ്ണുകൾ നിറഞ്ഞു.

ഒരിക്കലും പ്രതീക്ഷിക്കാതെ, പെട്ടന്നൊരു ദിവസം അനന്തൻ അവളുടെ കണ്മുൻപിൽ വന്നു നിന്നപ്പോൾ അവളുമാകെ അത്ഭുതപെട്ടുപോയി. പിന്നൊന്നും ആലോചിക്കാതെ നന്ദിനി പെട്ടന്ന് തന്റെ കയ്യിലുണ്ടായിരുന്ന പൂക്കുട്ട നിലത്തിട്ട് അവന്റെ അടുത്തേക്ക് ഓടിയെത്തി.

അവന്റെ അടുത്തെത്തിയതും, ഒന്നും മിണ്ടാതെ, അവന്റെ കണ്ണുകളിലേക്ക് കുറച്ചു നേരം അവളങ്ങനെ നോക്കി നിന്നു..

“നന്ദു...”

ആ വിളിയിൽ നിന്നും അവളോടുള്ള ഇഷ്ടം അവൻ പറയാതെ തന്നെ അവൾക്ക് മനസ്സിലായി, അവൾ അവനെ കെട്ടിപിടിച്ചു കരഞ്ഞു. അവളുടെ കണ്ണുനീർ അവന്റെ തോളിലും അവന്റേത് അവളുടെ തലയിലും വീണു. അപ്പോഴേക്കും എല്ലാം മംഗളമായി എന്ന രീതിയിൽ മഴയും തകർത്ത് പെയ്തു, ആ കോരിച്ചൊരിയുന്ന മഴയത്ത്, രണ്ടു വെള്ളരിപ്രാവുകളെ പോലെ അവർ അങ്ങനെ കുറച്ചു നേരം നിന്നു. ഒരുപക്ഷേ ആ നിമിഷം ഇതെല്ലാം കണ്ടു നിന്ന ജഗദീശ്വരൻ പോലും രണ്ടു കൈകളും ഉയർത്തി സർവമംഗളങ്ങളും അവർക്ക് നൽകിയിട്ടുണ്ടാകാം.

"അറിയാം, എനിക്ക് അറിയാം തനിക്ക് എന്നെ ഇഷ്ടാർന്നൂന്ന്, നിന്റെ കത്ത് ഞാൻ വായിച്ചിരുന്നു... എനിക്കും ഒരുപാട് ഇഷ്ടാ നന്ദു നിന്നേ.. എത്രാ കലായിട്ട് പറയണം ന്ന് കരുതിയതാ, പക്ഷേ കാലം ഇപ്പഴല്ലേ അതിന് സമ്മതിച്ചേ... ന്റെ പെണ്ണാ നീയ്. ന്റെ മാത്രം." അതും പറഞ്ഞ് അവൻ അവളുടെ നെറുകയിൽ ഒരു മുത്തം കൊടുത്തു.

അപ്പോഴേക്കും അവിടെ ദേവനും ശ്രീലക്ഷ്മിയും എത്തി. അനന്തന്റെയും നന്ദിനിയുടെയും ആ നിൽപ്പ് കണ്ട് അവരുടെയും കണ്ണുകൾ നിറഞ്ഞു, അവർപോലും അറിയാതെ.

അങ്ങനെ ഒരുപാട് വർഷത്തെ കാത്തിരിപ്പിനോടുവിൽ ശ്രീകൃഷ്ണ ഭഗവാനെ സാക്ഷിയാക്കി, അനന്തനും, നന്ദിനിയും അവർ തമ്മിൽ ആദ്യമായി കണ്ടുമുട്ടിയ ആ ഭഗവാന്റെ തിരുമുൻപിൽ വെച്ച് ഒന്നായി. അവർ തമ്മിൽ ഒന്നിക്കണം എന്നത് ഏറ്റവും അതിയായി ആഗ്രഹിച്ചിരുന്നത് ശ്രീലക്ഷ്മിയും ദേവനും ആയിരുന്നു എന്നത് പ്രത്യേകം പറയേണ്ടതില്ല. അവർക്ക് വേണമെങ്കിൽ അനന്തന്റെ ഇഷ്ടം അന്നേ അവളോട് തുറന്നു പറയാമായിരുന്നു. പക്ഷേ അങ്ങനെയൊന്നും ഒരാൾ അവളുടെ മനസ്സിൽ കയറിപ്പറ്റില്ല എന്നത് അവർക്ക് തീർച്ചയായിരുന്നു. അതിനാൽ അവർ അത് തുറന്നു പറഞ്ഞാലും അവൾക്ക് അനന്തനെ തിരികെ ഇഷ്ടപ്പെടണം എന്നില്ല.

അവരും അങ്ങനെ തെറ്റായി തന്നെ ചിന്തിച്ചിരുന്നു. ഇഷ്ടം അത് ഒരാളുടെ മനസ്സിൽ മാത്രം തോന്നേണ്ട ഒന്നല്ല, കൂടാതെ അത് ഒരാളെകൊണ്ടും മറ്റൊരാളുടെ മനസ്സിൽ നിർബന്ധിപ്പിച്ചു തോന്നിപ്പിക്കാനും സാധിക്കില്ല. അത് ഇഷ്ടപെടുന്നവരുടെ മനസ്സിൽ സ്വയം തോന്നേണ്ട ഒന്നാണ്. അതിനുള്ള വഴി അവർ അനന്തന് ഒരുക്കിക്കൊടുത്തു. ഒരുപക്ഷേ അവർ വഴി നന്ദിനി ആ വിവരം അറിഞ്ഞു, നന്ദിനി അവന്റെ പ്രണയം നിരസിച്ചാൽ, തങ്ങൾ അനന്തനോട് ചെയ്യുന്ന ഏറ്റവും വലിയ തെറ്റായിരിക്കും അത് എന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു.. അവന്റെ ജീവിതത്തിൽ കിട്ടിയതിൽ വെച്ച് ഏറ്റവും നല്ല ഭാഗ്യങ്ങളിൽ ഒന്നാണ് അവന്റെ ആ രണ്ടു സുഹൃത്തുക്കൾ. അതുകൊണ്ടാണല്ലോ, അവന്റെ പ്രണയം പൂവണിയിപ്പിക്കാൻ രണ്ടുപേരും അവനോടൊപ്പം തന്നെ നിന്നത്.

**പതിനഞ്ച്**

ഇരുവരുടെയും പ്രണയം വീട്ടിൽ അറിയുന്നത് ഒരുപാട് വൈകിയാണ്. അനന്തൻ അവധിക്ക് നാട്ടിലെത്തിയ സമയം, അവന്റെ മുറി വൃത്തിയാക്കികൊണ്ടിരുന്ന മുത്തശ്ശിക്ക് അവന്റെ മേശയുടെ ഉള്ളിൽ നിന്നും ഒരു കത്ത് കിട്ടി. അതെ, നന്ദിനിക്ക് കൊടുക്കാനായി അനന്തൻ എപ്പഴോ എഴുതിവയ്ച്ച ഒരു കത്ത്.

“എന്തിനാ കുട്ട്യേ,  ഈ കാര്യം ഇവിടെ ആരോടും പറയാതെ നീ ഈ കാലം വരെ മറച്ചവെച്ചിരുന്നേ? അനന്തുട്ടനെ പോലല്ലേ മുത്തശ്ശിക്ക് നന്ദിനിയും, രണ്ടുപേരും ന്റെ പേരകുട്ട്യോളാ....” അതായിരുന്നു മുത്തശ്ശിയുടെ മറുപടി

അവന്റെ കണ്ണുകൾ നിറഞ്ഞു, അവനറിയില്ല എന്താണ് പറയേണ്ടതെന്ന്, അവൻ മുത്തശ്ശിയെ നോക്കി ഒരു കള്ള ചിരി ചിരിച്ചു.

വീട്ടുകാരോട് എങ്ങനെ ഈ കാര്യങ്ങൾ സൂചിപ്പിക്കും എന്ന് അവൻ ആലോചിച്ചിരിക്കുമ്പോഴായിരുന്നു ഇങ്ങനെ ഒരു കത്തുമായി മുതശ്ശിയുടെ വരവ്. പിന്നെ മുത്തശ്ശന്റെ കാര്യം, ആള് മുത്തശ്ശിയുടെ കൂട്ടല്ല ലേശം ഗൗരവകാരാനാണ്. പക്ഷേ അദ്ദേഹത്തേക്കൂടെ പറഞ്ഞു സമ്മതിപ്പിക്കുന്ന കാര്യം മുത്തശ്ശി ഏറ്റിരുന്നു.

മുത്തശ്ശൻ ഈ വിവരം അറിഞ്ഞപ്പോൾ, അദ്ദേഹം ആദ്യമൊന്ന് ഞെട്ടി. ലേശം ബുദ്ധിമുട്ടുണ്ടായിരുന്നു ഈ കാര്യം അദ്ദേഹത്തിന് ഉൾക്കൊള്ളനായിട്ട്. പക്ഷേ എല്ലാവരുടെയും നിർബന്ധത്തിൽ വഴങ്ങി 'എങ്കി, കുട്ട്യോളുടെ ഇഷ്ടം അതാച്ച അങ്ങനെ നടക്കട്ടെ..' എന്നായി മുത്തശ്ശൻ.

അനന്തനെ നന്ദിനിയുടെ വല്യമ്മക്ക് വലിയ കാര്യമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം മുത്തശ്ശി നന്ദിനിയുടെ വല്യമ്മയെ കണ്ടപ്പോൾ, 'കുട്ടികൾക്ക് തമ്മിൽ ഇഷ്ടമാണ്' എന്ന വിവരം ഒന്ന് സൂചിപ്പിച്ചു. വല്ല്യമ്മക്ക് ഒരിക്കലും അത് വിശ്വസിക്കാനായില്ല.

'നാട്ടിലെ ഏറ്റവും വലിയ തറവാട്ടുകാർ..!! എല്ലാം ന്റെ കുട്ടീടെ ഭാഗ്യം, അല്ലാതെ എന്താ പറയാ.' അത് ഒരു സ്വപ്നമാണോ എന്ന് അവർ ഒരുനിമിഷം ചിന്തിച്ചു. വല്ല്യമ്മ ആ വിവരം അവളുടെ അച്ഛനെയും അമ്മയെയും അറിയിച്ചു അവർക്ക് അതിലേറെ സന്തോഷം. അവർ തമ്മിൽ ശെരിക്കും ഒന്നിക്കേണ്ടവർ തന്നെ ആയിരുന്നു എന്നത് അവരുടെ വീട്ടുകാർപോലും ഒരിക്കലെങ്കിലും അറിയാതെ മനസ്സിൽ ചിന്തിച്ചിട്ടുണ്ടാകും എന്നത് തീർച്ചയാണ്! വൈകാതെ തന്നെ അനന്തന്റെ തറവാട്ടുകാർ, നന്ദിനിയുടെ തറവാട്ടുകാരുമായി ചേർന്ന് എല്ലാ കാര്യങ്ങളും ഉറപ്പിച്ചു. 'രണ്ടുപേരുടെയും പഠനമൊക്കെ കഴിഞ്ഞിട്ടാവാം ഇരുവരുടെയും വിവാഹം' എന്നായിരുന്നു അവരുടെ തീരുമാനം.

**പതിനാറ്**

നാട്ടിൽ തന്നെ ഒരു കോളേജിൽ സൈക്കോളജി പഠിക്കുന്ന നന്ദിനിയുടെയും, കൽക്കട്ടയിൽ എം.ബി.ബി.സ് പഠിക്കുന്ന അനന്തന്റെയും പിന്നീട് അങ്ങോട്ടുള്ള പ്രണയം കത്തുകളിലൂടെയും, ഫോൺകോളുകളിലൂടെയുമായിരുന്നു മുന്നോട്ട് പോയികൊണ്ടിരുന്നത്. ഒപ്പംതന്നെ അവരുടെ പഠനവും ഒരു വീട്ടുവീഴ്ച്ചയുമില്ലാതെ തന്നെ മുന്നോട്ട് പോയിക്കൊണ്ടിരുന്നു.

അവർക്ക് തമ്മിൽ ഒന്ന് നേരിട്ട് കാണാനും, സംസാരിക്കാനുമുള്ള അവസരം ലഭിക്കുന്നത് അപൂർവമാണ്. ഒരുപാട് അകലെ നിന്നുകൊണ്ടുള്ള ആ പ്രണയം രണ്ടുപേരും ഒരുപാട് ആസ്വദിച്ചിരുന്നു. അങ്ങനെ കടന്നു പോയത് നാളുകളാണ്. നാളുകൾക്കൊടുവിൽ രണ്ടുപേരും അവരുടെ പഠനം പൂർത്തിയാക്കി. അനന്തൻ ഇപ്പോൾ ഡോക്ടർ അനന്തനുമായി, നന്ദിനി ഒരു സൈക്കോളജിസ്റ്റുമായി.

**പതിനേഴ്**

അവർ ആദ്യമായി കണ്ടുമുട്ടിയ ആ ക്ഷേത്രത്തിൽ വെച്ചു തന്നെയാവണം അവരുടെ വിവാഹവും എന്നത് നന്ദിനിയുടെ വലിയ ഒരു ആഗ്രഹമായിരുന്നു. ആരും അതിന് എതിരും നിന്നില്ല. അവളുടെ ആഗ്രഹം പോലെ തന്നെ അവിടെ വെച്ചു നടക്കെട്ടെ ആ വിവാഹം എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. അങ്ങനെ അതിനുള്ള ഒരുക്കങ്ങൾ എല്ലാം ആരംഭിച്ചുകഴിഞ്ഞിരുന്നു.

ഏപ്രിൽ 15 - 1994 . കാലം സാക്ഷിയാക്കി, ഇനിയും ഒരു വിധിയുടെ മുൻപിലും തോൽക്കാൻ ഇടവരുത്താതെ,  ഒരു ശക്തിക്കും അവരെ അകറ്റാനും ആകാത്തവിധം ഈശ്വരൻ അവരെ രണ്ടുപേരെയും പൂർണമായി ഒരുമിപ്പിച്ച ദിവസം. സർവ്വമംഗലങ്ങളും നേർന്നുകൊണ്ട്, ശ്രീകൃഷ്ണഭഗവാൻ തന്നെ പൂർണ്ണമനസ്സോടുകൂടി നന്ദിനിയെ അനന്തന്റെ കൈപിടിച്ചേല്പിച്ചു. ഒരുപാട് വർഷങ്ങളുടെ കാത്തിരിപ്പിനോടുവിൽ, ആ ദിവസം അവരുടെ രണ്ടുപേരുടെയും മനസ്സിൽ ഒരിക്കൽ വാടിപ്പോയ ആ പ്രണയത്തിന്റെ ആ മന്ദരാപൂവ് വീണ്ടും വിരിഞ്ഞു, ഒരു വെയിലേറ്റുപോലും വാടിപോകാത്ത വിധം, എന്നന്നേക്കുമായി..!! ♡♡

―――――――――――――――――――――――――――――――――――――――――

**പ്രിയപ്പെട്ട എന്റെ വായനക്കാരോട്..!!**

നിങ്ങൾ ഈ കഥ വായിച്ചു തീർക്കാതെയാണ് ഈ കുറിപ്പ് വായിക്കുന്നതെങ്കിൽ ദയവായി, മുഴുവൻ കഥയും വായിച്ച ശേഷം മാത്രം ഈ കുറിപ്പ് വായിക്കുക. എങ്കിൽ മാത്രമേ ഇത് വായിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്കും ഈ കഥ എഴുതിയ എനിക്കും ഒരു സംതൃപ്തി ആവുകയുള്ളു, ഒപ്പം ഈ കുറിപ്പ് വായിക്കുമ്പോഴുണ്ടാകുന്ന ഫീലും അപ്പോൾ മാത്രമേ നിങ്ങൾക്ക് മനസ്സിലാവുകയൊള്ളു.

ഇതിനെ ഒരു കുറിപ്പ് എന്ന് വിശേഷിപ്പിക്കാൻ പറ്റില്ല, എനിക്ക് നിങ്ങൾ വായനക്കാരോട് പറയാനുള്ള കുറച്ച് കാര്യങ്ങൾ, അത്രതന്നെ.
ഈ കഥ എഴുതാനായി എന്നോടൊപ്പം നിന്ന എന്റെ എല്ലാ സുഹൃത്തുക്കൾക്കും ഒരുപാട് നന്ദി.

ഇനിയും കാര്യത്തിലേക്ക് കടക്കാം...
ഈ കഥ എഴുതനായി ഞാൻ നേരിട്ട ഏറ്റവും വലിയ ഒരു വെല്ലുവിളി അത്, 'പ്രണയം' എന്ന ഈ ഒരു വിഷയം തന്നെയായിരുന്നു. ഉള്ളത് പറയാവല്ലോ, ഈ മേഖലയിൽ എനിക്ക് യാതൊരു മുൻപരിചയവും ഇല്ല അതുകൊണ്ട് തന്നെ ഈ വിഷയത്തെ പറ്റി എന്ത് എഴുതണമെന്നോ അല്ലെങ്കിൽ എങ്ങനെ എഴുതണമെന്നോ ഒന്നും തന്നെ എനിക്ക് ഒരു പിടിയുമില്ല. അല്ല സമയം ഉണ്ടല്ലോ, അങ്ങ് പരിചയം ആയിക്കോളും ശെരിയല്ലേ?. 'പഠനമൊക്കെ കഴിഞ്ഞ് ഒരു നല്ല നിലയിൽ ആയിട്ട് പോരെ മാഷേ, ഈ പരുപാടി. അതാണല്ലോ, അതിന്റെ ഒരു ശെരി' എന്ന് ഒരു ചിന്തയോക്കെയുണ്ട്.

ഇപ്പോൾ ഈ കുറിപ്പ് വായിക്കുമ്പോൾ നിങ്ങളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നിട്ടുണ്ടാകാം. അങ്ങനെയാണെങ്കിൽ 'അത് കാണാൻ

നല്ല ഭംഗിയുണ്ട് ട്ടോ..!!' എന്തായാലും ആ ചിരി ഞാനെന്റെ വിജയമായി കണ്ടുകൊള്ളുന്നു..
ഇനി പറഞ്ഞു വന്നത് പറയാം. അങ്ങനെയിരിക്കെയാണ് എന്റെ ഭാവനയിൽ ഞാൻ അനന്തനും നന്ദിനിയും എന്ന രണ്ടു കഥാപാത്രങ്ങളെ സൃഷ്ടിച്ചെടുത്തത്. പിന്നീട് അവരെ വെച്ചൊരു കഥയും എന്നെകൊണ്ട് കഴിയും വിധം ഞാൻ മെനഞ്ഞെടുത്തുകൊണ്ടേയിരുന്നു.

***

നാലാം ക്ലാസ്സിൽ പഠിക്കുന്ന അനന്തൻ എന്ന ഒരു കുട്ടി, ടീച്ചറായ അവന്റെ അമ്മയോടൊപ്പം സ്കൂളിലേക്ക്  പോകുന്ന വഴിയിൽ മറ്റേതോ സ്കൂളിലേക്ക് പോകാനായി യൂണിഫോംമും ധരിച്ചു മുടിയൊക്കെ രണ്ടുവശവും പിന്നിക്കെട്ടി ചേച്ചിയോടൊപ്പം സ്കൂൾബസും കാത്തുനിൽക്കുന്ന നന്ദിനി എന്ന പെൺകുട്ടിയെ കാണുമ്പോൾ ആദ്യമായി അവന്റെ ആ കൊച്ചുമനസ്സിൽ അവളോട് പ്രണയം തോന്നിത്തുടങ്ങുമ്പോൾ മുതലുള്ള സംഭവങ്ങൾ കഥയാക്കാം എന്ന് ഞാൻ കരുതി.
പക്ഷേ അതൊന്നും ശെരിയാവില്ല എന്നൊരു തോന്നൽ എപ്പഴോ എന്റെ മനസ്സിൽ കയറിക്കൂടി, അതുകൊണ്ട് തുടർന്ന് ആ രീതിയിൽ കഥ എഴുതാൻ ഞാൻ ശ്രമിച്ചതേയില്ല.. പിന്നീട് പലപ്പോഴായി പലതരത്തിലുള്ള കഥഗതിയിൽ കൂടി സഞ്ചരിച്ച് ഒടുവിൽ നിങ്ങൾ ഇപ്പോൾ വായിച്ച 'മനസ്സിൽ വിരിഞ്ഞ മന്ദാരം' എന്ന ഇങ്ങനെയൊരു ഈ-ബുക്ക് വരെ ആയി നിൽക്കുന്നു.

സ്വന്തം നാട് തന്നെ ഈ കഥയുടെ പശ്ചാത്തലം ആക്കിയാലോ എന്ന് ഞാൻ കരുതിയതാണ്, പക്ഷേ അത് പിന്നീട് എനിക്ക് തന്നെ പണി ആയാലോ എന്ന് കരുതിയിട്ടാണ് പാലക്കാട് ഞാൻ തിരഞ്ഞെടുക്കാനുള്ള കാരണം. എന്തുകൊണ്ട് പാലക്കാട് തന്നെ തിരഞ്ഞെടുത്തു എന്ന് എനിക്ക് ഒരു ഐഡിയയും ഇല്ല. ഈ കഥ നടക്കുന്നത് ഏതാണ്ട് എൺപത് അല്ലെങ്കിൽ തൊണ്ണൂറ്

കാലഘട്ടങ്ങളിൽ ആയിരുന്നല്ലോ, കൂടാതെ കഥയിലെ കഥാപാത്രങ്ങൾ, അവരുടെ ആ പഴയ ഭാഷ, പഴയ ശൈലികൾ , ചുറ്റുപാടുകൾ എന്നിവയെല്ലാം കൂടി പരിഗണിക്കുമ്പോൾ, എന്തുകൊണ്ടും പാലക്കാട് അതിന് അനുയോജ്യമാണ് എന്ന് എനിക്ക് തോന്നി.
മാത്രമല്ല ഇതേ സമാനമായ പശ്ചാത്തലത്തിൽ ഒരുപാട് മലയാള സിനിമകളും ചിത്രീകരിച്ചിട്ടുള്ളതും പാലക്കാട് വെച്ചുതന്നെയാണ്.
നേര് പറഞ്ഞാൽ ഒരുപാട് വർഷങ്ങൾക്ക് മുൻപ് ചെന്നൈയിൽ പോയപ്പോൾ പാലക്കാട് വഴി യാത്ര ചെയ്തിട്ടുണ്ട് എന്നതല്ലാതെ ആ നാട്ടിൻ ഞാൻ ഇന്നേ വരയും പോയിട്ടില്ല.

പിന്നീട് ഇന്റർനെറ്റിന്റെയും മറ്റും സഹായത്തോടുക്കൂടി ആ നാടിനെ കുറിച്ച് ഞാൻ കൂടുതൽ മനസ്സിലാക്കിയെടുത്തു.
എന്നാലും ആ നാടിനെ കുറിച്ച് അവിടെ തന്നെയുള്ള ആരോടേലും തിരക്കുന്നതാണെല്ലോ അതിന്റെ ശെരി എന്നതുകൊണ്ട്, പാലക്കാടുള്ള എന്റെ ഒരു സുഹൃത്തിനോടും കാര്യങ്ങൾ തിരക്കി.
ആളും ഒരു എഴുത്തുകാരിയാണ്. അങ്ങനെ അവിടുന്നും കുറച്ചു വിവരങ്ങൾ കിട്ടി. ഇനി തമാശയാണോ എന്ന് എനിക്കറിയില്ല എങ്കിലും പറയാം, അവിടുത്തെ ആ നെൽപാടങ്ങളെക്കുറിച്ചും, ആ ഭൂപ്രകൃതിയേയും പറ്റി ഞാൻ ആ സുഹൃത്തിനോട് ഒരിക്കൽ ചോദിച്ചപ്പോൾ, ആൾ ഇപ്പോൾ താമസിക്കുന്ന സ്ഥലം അങ്ങനെയൊന്നുമേ അല്ല എന്നായിരുന്നു മറുപടി. എങ്കിലും ഏതാണ്ടൊക്കെ വിവരങ്ങൾ ഞാൻ അവിടെനിന്നും ശേഖരിച്ചെടുത്തു.
പിന്നീടുള്ള ഒരു വെല്ലുവിളി ഞാൻ ജനിക്കുന്നതിനുപോലും മുൻപുള്ള ആ കാലഘട്ടം തന്നെയായിരുന്നു, പക്ഷേ ഞാൻ കേട്ടിട്ടുള്ളതും, വായിച്ചിട്ടുള്ളതും, ടീവിയിലൂടെയും മറ്റും കണ്ടിട്ടുള്ള അറിവുകളും വെച്ച് അതങ്ങ് ശെരിയാക്കിയെടുത്തു....!!!

ഒരുപക്ഷേ നിങ്ങൾക്കും ഉണ്ടാകാം അങ്ങനെയൊരു നന്ദിനിയോ അല്ലെങ്കിൽ ഒരു അനന്തനോ, അവരെ പോലെ തന്നെ നിങ്ങളുടെയും

മനസ്സിലും വിരിയട്ടെ പ്രണയത്തിന്റെ ഒരു മന്ദാരം. ഇനി അങ്ങനെ ആരും ഇല്ലെങ്കിലും കുഴപ്പം ഒന്നും ഇല്ല. 'എല്ലാത്തിനും അതിന്റേതായ സമയം ഉണ്ട് ദാസാ..' അങ്ങനെ സമാധാനിക്കാം.

പറയാനാണേൽ ഇനിയും ഒരുപാടുണ്ട്. അങ്ങനെയാണെങ്കിൽ അത് മാത്രം ഒരു നോവൽ ആക്കി തീർക്കാനുള്ള അത്രയും ഉണ്ട്. അതുകൊണ്ട് കൂടുതലൊന്നും പറയുന്നില്ല. ഈ കഥ നിങ്ങൾക്ക് ഇഷ്ടപ്പെട്ടാൽ അഭിപ്രായങ്ങൾ പങ്കുവയ്ക്കാൻ തീർച്ചയായും മറക്കരുതേ.
പുതിയ, പുതിയ വിവരങ്ങൾ പിന്നീട് ലഭിക്കുമ്പോൾ, ഈ കഥയിൽ അതെല്ലാം ഞാൻ കൂട്ടിച്ചേർത്ത് കഥ കൂടുതൽ മനോഹരമാക്കി കഥയുടെ പുതിയ പതിപ്പുകൾ പുറത്തിറക്കുന്നതായിരിക്കും. ഒപ്പം ഇനിയും സമയം കിട്ടുമ്പോൾ ഇതുപോലെ അടുത്ത കഥകളുമായി വീണ്ടുമൊരു അവധിക്കാലത്ത് വീണ്ടും കണ്ടുമുട്ടാം..

എല്ലാ വായനക്കാരനും, വായനക്കാരിക്കും ഒരിക്കൽ കൂടി ഞാൻ നന്ദി അറിയിക്കുന്നു. ഒരായിരം നന്ദി..!!

## അഭിപ്രായങ്ങൾ പങ്കുവയ്ക്കാൻ

ഇൻസ്റ്റാഗ്രാം: @black._.sparrow_07
ഇ-മെയിൽ: mail.akshachuzzz@gmail.com

For more contents, follow: DLC Stories
Visit our website: Click Here

© 2024 DLC Stories. All right reserved.

Published on: 21st May 2024
Last edited on: 20th July 2024

Note: Don't forget to report if you see any typing mistakes or any other mistakes in this eBook. Your feedback is very valuable for us.